24
2026
നവംബർ
ചൊവ്വ
വൃശ്ചികം ൦൪

NAUTICAL TIMES
KERALA

The National Daily in Malayalam / English

നോട്ടിക്കൽ ടൈംസ് കേരള

e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391



തിരുവനന്തപുരം Thiruvananthapuram web: www. nauticaltimesmedia.com Volume-7, Issue No. 217 Page 4, Price: Rs. 2 പുസ്തകം-7 ലക്കം-217 പേജ് 4. വില 2.00 രൂപ

02 സിബിഎൽ ആറാം സീസൺ കിരീടം മേൽപ്പാടം ചുണ്ടന്

03 സഹകരണ പ്രസ്ഥാനങ്ങളുടെ സുതാര്യതയും വിശ്വാസ്യതയും ഉറപ്പാക്കും: മന്ത്രി എം. ലിജു

04 ധനരാജ് വധം: മൂന്നു പേർ കുറ്റക്കാർ 16 പ്രതികളെ വെറുതെ വിട്ടു

മിഷൻ സമുദ്ര ആദ്യചരക്ക് നീക്കം കോട്ടയം പോർട്ടിലൂടെ

തിരുവനന്തപുരം : വിഴിഞ്ഞം തുറമുഖം വഴി കോട്ടയം ഐസിഡിയിലേക്ക് ആദ്യ പ്രധാന ഇറക്കുമതി ചരക്കുനീക്കം

എംആർഎഫിനായി ആഫ്രിക്കയിൽനിന്ന് 60 കണ്ടെയ്നർ സ്വാഭാവിക റബ്ബർ; മിഷൻ സമുദ്രയുടെ ലക്ഷ്യങ്ങൾക്ക് കരുത്തേകുന്ന പുതിയ സംരംഭം.

കോട്ടയം പോർട്ടിലൂടെ, വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം വഴി ആദ്യത്തെ പ്രധാന ഇറക്കുമതി ചരക്കുനീക്കം നടത്തുന്നതോടെ കോട്ടയം ഇൻലാൻഡ് കണ്ടെയ്നർ ഡിപ്പോയുടെ (ഐസിഡി) വികസനത്തിൽ നിർണായക മുന്നേറ്റത്തിന് വഴിയൊരുങ്ങുന്നു. എംആർഎഫിനായി ആഫ്രിക്കയിൽനിന്ന് ഇറക്കുമതി ചെയ്യുന്ന ഏകദേശം 1,500 മെട്രിക് ടൺ നാച്ചുറൽ റബ്ബറാണ് 60 കണ്ടെയ്നറുകളിലായി വിഴിഞ്ഞം തുറമുഖം വഴി കോട്ടയം ഐസിഡിയിൽ എത്തിക്കുന്നത്. മൂന്ന് ബിൽ ഓഫ് ലേഡിങ്ങുകളിലായി 20 കണ്ടെയ്നറുകൾ വീതമാണ് ചരക്കുനീക്കം ക്രമീകരിച്ചിരിക്കുന്നത്.

പുതിയ ചരക്കുനീക്ക സംവിധാനം എംആർഎഫിന്റെ ചരക്കുഗതാഗത സമയവും പ്രവർത്തനച്ചെലവും കുറയ്ക്കുന്നതിനൊപ്പം പ്രവർത്തനക്ഷമത വർധിപ്പിക്കാനും സഹായിക്കും. നിലവിൽ മുംബൈ വഴി ട്രാൻസ്ഷിപ്മെന്റ് നടത്തി എത്തിക്കുന്ന ചരക്കുകൾ ലക്ഷ്യസ്ഥാനത്തെത്താൻ ഏകദേശം ഒരു മാസം വരെ എടുക്കാറുണ്ട്. ഈ കാലതാമസം ഒഴിവാക്കുന്നതിനായി പോർട്ട് ഓഫ് ഡെസ്റ്റിനേഷൻ (ജഛഒ) ആയി വിഴിഞ്ഞം തുറമുഖത്തെ തിരഞ്ഞെടുത്തിരിക്കുകയാണ് എംആർഎഫ്. വിഴിഞ്ഞത്തുനിന്ന് കണ്ടെയ്നറുകൾ കോട്ടയം ഐസിഡിയിലെത്തിച്ചായിരിക്കും തുടർനടപടികൾ പൂർത്തിയാക്കുക.



കോട്ടയം ഐസിഡിയിൽ ഓരോ ബിൽ ഓഫ് ലേഡിങ്ങിന് കീഴിലുള്ള 20 കണ്ടെയ്നറുകളിലെയും ചരക്കുകൾ കസ്റ്റംസ് പരിശോധനയ്ക്കും മറ്റ് നിർബന്ധിത ക്ലിയറൻസ് നടപടികൾക്കും വിധേയമാക്കും. കസ്റ്റംസിന്റെ ഔട്ട് ഓഫ് ചാർജ് (ഛഒഛ) അനുമതി ലഭിച്ചശേഷം അതേ ട്രക്കുകളിൽ തന്നെ കണ്ടെയ്നറുകൾ കൊച്ചിയിലെ എംആർഎഫിന്റെ കേന്ദ്രീകൃത വെയർഹൗസിലേക്ക് കൊണ്ടുപോകും. ഇതുവഴി ഉൽപ്പാദനത്തിനാവശ്യമായ അസംസ്കൃത വസ്തുക്കൾ വേഗത്തിൽ ലഭ്യമാക്കാനും ഫാക്ടറികളുടെ പ്രവർത്തനക്ഷമതയും ഉൽപ്പാദനവും വർധിപ്പിക്കാനും സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഇറക്കുമതി ചരക്കുനീക്കത്തിലൂടെ ലഭിക്കുന്ന ഒഴിഞ്ഞ കണ്ടെയ്നറുകൾ കയറ്റുമതി ആവശ്യങ്ങൾക്കായി പ്രയോജനപ്പെടുത്താനാകുമെന്നതാണ് ഈ സംവിധാനത്തിന്റെ മറ്റൊരു പ്രധാന നേട്ടം. എംആർഎഫിന് ആവശ്യമായ വെയർഹൗസ് സൗകര്യം ഒരുക്കിയശേഷം ഇറക്കുമതി ചരക്കുകൾ അവിടെ ഇറക്കുകയും ഒഴിഞ്ഞ കണ്ടെയ്നറുകൾ കോട്ടയം ഐസിഡിയിലെ കണ്ടെയ്നർ അയാർഡിൽ സൂക്ഷിച്ച് കയറ്റുമതിക്കാർക്ക് ലഭ്യമാക്കുകയും ചെയ്യാം.

നിലവിൽ കയറ്റുമതിക്കാർ പലപ്പോഴും കൊച്ചിയിൽനിന്ന് ഒഴിഞ്ഞ കണ്ടെയ്നറുകൾ കോട്ടയത്തേക്ക് എത്തിച്ചാണ് ചരക്കുകൾ നിറയ്ക്കുന്നത്. ഇറക്കുമതിയിലൂടെ ലഭിക്കുന്ന ഒഴിഞ്ഞ കണ്ടെയ്നറുകൾ തന്നെ കയറ്റുമതിക്ക് ഉപയോഗിക്കുന്നതിലൂടെ ഈ അധിക ഗതാഗതച്ചെലവും സമയനഷ്ടവും കുറയ്ക്കാനാകും. കണ്ടെയ്നറുകളുടെ പുനരുപയോഗം വേഗത്തിലാക്കാനും കയറ്റുമതി പ്രവർത്തനങ്ങളുടെ കാര്യക്ഷമത വർധിപ്പിക്കാനും ഇത് സഹായിക്കും.

ഇറക്കുമതിയും കയറ്റുമതിയും പരസ്പരം ബന്ധിപ്പിച്ചുള്ള ഈ ചരക്കുനീക്ക മാതൃക ഇറക്കുമതിക്കാർക്കും കയറ്റുമതിക്കാർക്കും ലോജിസ്റ്റിക്സ് സേവനദാതാക്കൾക്കും ഒരുപോലെ പ്രയോജനകരമായ ചെലവുകുറഞ്ഞ സംവിധാനം ഒരുക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഇതിലൂടെ കോട്ടയം ഐസിഡിയെ കൂടുതൽ മത്സരക്ഷമവും പ്രാദേശിക വ്യാപാര-ചരക്കുഗതാഗത മേഖലയിലെ പ്രധാന കേന്ദ്രവുമായി വികസിപ്പിക്കാനാകും.

ബഹുമാനപ്പെട്ട കേരള മുഖ്യമന്ത്രിയുടെ നേതൃത്വത്തിലും ദീർഘവീക്ഷണത്തിലും വിഭാവനം ചെയ്ത മിഷൻ സമുദ്രയുടെ ലക്ഷ്യങ്ങളുമായി ചേർന്നുനിൽക്കുന്ന ഈ സംരംഭം സംസ്ഥാനത്തിന്റെ സമുദ്രവ്യാപാര-ചരക്കുഗതാഗത സാധ്യതകൾ ശക്തിപ്പെടുത്തുന്നതിനുംസഹായകമാകും. തുറമുഖ വകുപ്പ് സെക്രട്ടറി ശ്രീ. രത്തൻ യു. കേൽക്കർ ഐഎഎസിന്റെയും, കേരള മാരിടൈം ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറും വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ ലിമിറ്റഡ് (ഢകടഘ) മാനേജിംഗ് ഡയറക്ടറുമായ ശ്രീ. ജെറോമിക് ജോർജ് ഐഎഎസിന്റെയും നേതൃത്വത്തിൽ കോട്ടയം ഐസിഡിയുടെ അടിസ്ഥാനസൗകര്യങ്ങളും പ്രവർത്തനശേഷിയും മെച്ചപ്പെടുത്തുന്നതിനായി സ്വീകരിച്ചുവരുന്ന നടപടികൾ ശ്രദ്ധേയമാണ്. ആവശ്യമായ സൗകര്യങ്ങൾ വികസിപ്പിക്കുകയും പ്രവർത്തനക്ഷമത വർധിപ്പിക്കുകയും കൂടുതൽ വ്യാപാരസാധ്യതകൾ ആകർഷിക്കുകയും ചെയ്യുന്നതിനുള്ള അവരുടെ സജീവമായ ഇടപെടലുകൾ കോട്ടയം ഐസിഡിയെ കൂടുതൽ മത്സരക്ഷമമായ ചരക്കുഗതാഗത കേന്ദ്രമായി ഉയർത്തുന്നതിന് സഹായകമാകും.

കോട്ടയം ഐസിഡി വഴി കൂടുതൽ ഇറക്കുമതി-കയറ്റുമതി ചരക്കുനീക്കങ്ങൾക്ക് തുടക്കം കുറിക്കുന്നതിനും കേരളത്തിലെ ചരക്കുഗതാഗത-വ്യാപാര മേഖലയിൽ പുതിയ സാധ്യതകൾ തുറക്കുന്നതിനും ഈ സംരംഭം വഴിയൊരുക്കും. സംസ്ഥാനത്തിന്റെ സമുദ്രവ്യാപാര-ലോജിസ്റ്റിക്സ് സാധ്യതകൾ വികസിപ്പിക്കുക എന്ന മിഷൻ സമുദ്രയുടെ വിശാലമായ ലക്ഷ്യങ്ങൾ സാക്ഷാത്കരിക്കുന്നതിലും ഈ നീക്കം നിർണായകമാകും. കയറ്റുമതി ഇറക്കുമതികാർക്ക് സുഗമമായ ഒരു പ്രവർത്തന കേന്ദ്രമാണ് കോട്ടയം പോർട്ട് എന്ന് ജനറൽ മാനേജർ രൂപേഷ് ബാബുവും വ്യക്തമാക്കി.

സേവനങ്ങൾക്ക് ബന്ധപ്പെടാൻ താഴെ കൊടുത്ത മൊബൈൽ നമ്പർ ഉപയോഗപ്പെടുത്താം
9497717984

കെഎഎസ് പൊളിച്ചെഴുതും; കൂടുതൽ പേർക്ക് നിയമനത്തിന് സർക്കാർ

തിരുവനന്തപുരം: നിലവിലെ കെഎഎസ് റാങ്ക് പട്ടികയിൽ നിന്നു കൂടുതൽ പേർക്കു നിയമനം നൽകുന്നതിനായി കെഎഎസിനെ (കേരള അഡ്മിനിസ്ട്രേറ്റീവ് സർവീസ്) പൊളിച്ചെഴുതാൻ സർക്കാർ. കഴിഞ്ഞ സർക്കാർ 31 പേരുടെ ഒഴിവിൽ കെഎഎസിലേക്ക് അപേക്ഷ ക്ഷണിച്ചു പരീക്ഷ നടത്തിയിട്ടും ഒന്നാം റാങ്കുകാരനു പോലും നിയമനം നൽകാതിരുന്ന സാഹചര്യത്തിലാണ് കെഎഎസ് ചട്ടങ്ങൾ പൊളിച്ചെഴുതാനുള്ള കരടു വിജ്ഞാപനം സർക്കാർ പുറത്തിറക്കിയത്.

വകുപ്പുകളിൽ കൂടുതൽ തസ്തികകൾ സൃഷ്ടിച്ചും ഭരണപരിചയം ഉറപ്പാക്കിയും കേരളാ സിവിൽ സർവീസ് കേഡറാക്കി മാറ്റാനാണ് ശ്രമം. അഖിലേന്ത്യാ സിവിൽ സർവീസ് ചട്ടത്തിനു കീഴിലുള്ള ഇന്ത്യൻ അഡ്മിനിസ്ട്രേറ്റീവ് സർവീസ് റെഗുലേഷൻ പ്രകാരമായിരിക്കുംകെഎഎസിനെ സ്റ്റേറ്റ് സിവിൽ സർവീസ് കേഡറാക്കുക. വർഷാവർഷം ഒഴിവ് കണക്കാക്കുന്നതിന് പകരം വകുപ്പുകളിൽ നിശ്ചിത തസ്തികകൾ കെഎഎസിനായി മാറ്റിവയ്ക്കും. നിലവിലെ റാങ്ക് പട്ടികയുടെ കാലാവധി ജനുവരി 30ന് തീരുന്നതിനാൽ രണ്ടാംബാച്ചിൽ നിയമനം നടത്താൻ ലക്ഷ്യമിട്ടാണ് നിയമഭേദഗതി.

മാതാപിതാക്കളെ തെരുവിൽ തള്ളുന്ന മക്കൾ സൂക്ഷിക്കുക; കർശന നിയമം വരുമെന്ന് വി. ഡി. സതീശൻ

കൊല്ലം: മാതാപിതാക്കളുടെ സ്വത്ത് കൈക്കലാക്കിയ ശേഷം അവരെ തെരുവിൽ ഉപേക്ഷിക്കുന്ന മക്കൾക്കെതിരെ കർശന നടപടി ഉറപ്പാക്കാൻ വയോജന സംരക്ഷണ നിയമം കൊണ്ടുവരുമെന്ന് മുഖ്യമന്ത്രി വി. ഡി. സതീശൻ. നിയമം പ്രാബല്യത്തിൽ വരുന്നതോടെ ഇത്തരക്കാർക്ക് മൂന്ന് വർഷം വരെ തടവുശിക്ഷ ലഭിക്കുമെന്നും അദ്ദേഹം പറഞ്ഞു.

പ്രായമായ മാതാപിതാക്കൾക്ക് സുരക്ഷിതവും മാന്യവുമായ ജീവിതം ഉറപ്പാക്കുകയാണ് ലക്ഷ്യമെന്നും ഇനി ഒരാളും തെരുവിൽ ഉപേക്ഷിക്കപ്പെടുന്ന സാഹചര്യം ഉണ്ടാകരുതെന്നും അദ്ദേഹം വ്യക്തമാക്കി. പത്തനാപുരം ഗാന്ധിഭവനിലെ അന്തേവാസികൾക്കായി ലുലു ഗ്രൂപ്പ് നിർമിച്ചു നൽകിയ പിതൃഭവനത്തിൻറെ ഉദ്ഘാടനം നിർവഹിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം.

മാതാപിതാക്കളുടെ സ്വത്ത് സ്വന്തമാക്കിയ ശേഷം അവരെ സംരക്ഷിക്കാനുള്ള ഉത്തരവാദിത്വത്തിൽ നിന്ന് ഒഴിഞ്ഞുമാറുന്ന പ്രവണത ഗൗരവത്തോടെ കാണേണ്ടതുണ്ട്. വയോജനങ്ങളുടെ സുരക്ഷയും അന്തസും ഉറപ്പാക്കുന്നതിനൊപ്പം അവരെ ഉപേക്ഷിക്കുന്നവർക്കെതിരെ നിയമപരമായ നടപടി സ്വീകരിക്കാനും പുതിയ നിയമത്തിലൂടെ സാധിക്കുമെന്നാണ് പ്രതീക്ഷ.

വാർധക്യത്തിൽ മാതാപിതാക്കൾക്ക് താങ്ങും തണലുമാകേണ്ട മക്കൾ തന്നെ അവരെ ഉപേക്ഷിക്കുന്ന സാഹചര്യം സമൂഹത്തിന് മുന്നിൽ വലിയ ചോദ്യമാണ് ഉയർത്തുന്നത്. ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാനും വയോജനങ്ങൾക്ക് സംരക്ഷണം ഉറപ്പാക്കാനുമുള്ള നീക്കമായാണ് പുതിയ നിയമനിർമാണത്തെ കാണുന്നതെന്നും മുഖ്യമന്ത്രി പറഞ്ഞു.

അയോധ്യയിൽ നിന്ന് ഇനി നേപ്പാളിലേക്ക് ട്രെയിൻ കുതിക്കും; സർവീസ് 28 മുതൽ

ന്യൂഡൽഹി: ഉത്തർപ്രദേശിലെ അയോധ്യയേയും നേപ്പാളിലെ ജനക്പൂരിനെയും ബന്ധിപ്പിക്കുന്ന ട്രെയിൻ പ്രധാനമന്ത്രി നരേന്ദ്ര മോദിയും നേപ്പാൾ പ്രധാനമന്ത്രി ബാലേന്ദ്ര ഷായും ചേർന്ന് ഫ്ലാഗ് ഓഫ് ചെയ്തു. അയോധ്യ കൻറോൺമെൻറിൽ നിന്ന് ജനക്പൂർ ധാമിനെ ബന്ധിപ്പിക്കുന്ന 604 കിലോമീറ്റർ ദൂരമുള്ള ട്രെയിൻ സർവീസ് ഇരുപ്രധാനമന്ത്രിമാരും വീഡിയോ കോൺഫറൻസിംഗിലൂടെയാണ് ഫ്ലാഗ് ഓഫ് ചെയ്തത്. സരയു-കമല എക്സ്പ്രസ് എന്ന പേരിലുള്ള ട്രെയിൻ സർവീസിലൂടെ ഇന്ത്യയിലെ സഞ്ചാരികൾക്ക് 19 മണിക്കൂർ ട്രെയിൻ യാത്രയിലൂടെ നേരിട്ടു നേപ്പാളിലെത്താം. നിലവിലുള്ള മറ്റു ട്രെയിൻ സർവീസുകൾ പോലെ നേപ്പാളിലെത്താൻ യാത്രക്കാർക്ക് ട്രെയിനുകൾ മാറി മാറി സഞ്ചരിക്കേണ്ടിവരില്ല. 28 മുതൽ ആരംഭിക്കുന്ന സർവീസ് ആഴ്ചയിലൊരിക്കലായിരിക്കും ഉണ്ടാകുക. അയോധ്യ മുതൽ നേപ്പാൾ വരെ പത്ത് സ്റ്റേഷനുകളുണ്ടാകും. ഐതിഹ്യപ്രകാരം ശ്രീരാമൻറെ ജന്മസ്ഥലമായി അയോധ്യയും സീതയുടെ നേപ്പാളിലെ ജന്മസ്ഥലമായി ജനക്പൂർ ധാമും വിശ്വസിക്കപ്പെടുന്നതിനാൽ ഇരുരാജ്യങ്ങളെയും ബന്ധിപ്പിക്കുന്ന ദീർഘദൂര ട്രെയിൻ സർവീസ് ആത്മീയ ടൂറിസത്തിനു ഗുണമാകും.

നേപ്പാളിലേക്കെത്താൻ വീസ ആവശ്യമില്ലാത്തതിനാൽ യാത്രക്കാർ ഇന്ത്യൻ പാസ്പോർട്ടോ സാധുവായ വോട്ടർ തിരിച്ചറിയൽ കാർഡുകളോ കൈയിൽ കരുതിയാൽ മതി.

ശബരിമലയിൽ തിരക്കില്ല; ബോർഡിന് ആശയക്കുഴപ്പം

ശബരിമല: ശബരിമലയിൽ ആദ്യ ദിനങ്ങളിൽ പതിവിൽ നിന്നു വ്യത്യസ്തമായി തിരക്ക് തീരെ കുറഞ്ഞതിൽ ആശയക്കുഴപ്പവും അന്വേഷണവും. വെർച്വൽ ക്യൂ ബുക്കിംഗ് കൂട്ടിയിട്ടും ശബരിമലയിൽ തീർഥാടകരുടെ എണ്ണം വർധിച്ചില്ല ഇതാണ് ആശയക്കുഴപ്പം സൃഷ്ടിച്ചിരിക്കുന്നത്. പ്രതിദിനം 85,000 തീർഥാടകർക്കു ദർശനത്തിനു സൗകര്യമൊരുക്കിയെങ്കിലും 25,000ത്തോളം പേരുടെ കുറവുണ്ടായി. ശനി, ഞായർ ദിവസങ്ങളിൽ സ്ഥിതി മെച്ചപ്പെടുമെന്നു കരുതിയെങ്കിലും കാര്യമായ വരവുണ്ടായില്ല. വെള്ളിയാഴ്ച 60, 635 പേരും ശനിയാഴ്ച 61,672 പേരും ഞായറാഴ്ച വൈകിട്ട് വരെ 51,152 പേരുമാണ് ദർശനം നടത്തിയത്. ബുക്കിംഗ് പൂർണം, പക്ഷേവെർച്വൽ ക്യൂ സൈറ്റുകളിൽ ഡിസംബർ അവസാനം വരെയുള്ള സ്ലോട്ടുകളെല്ലാം പൂർണമായും ബുക്ക് ചെയ്ത സ്ഥിതിയിലാണ്. എന്നാൽ, ബുക്കിംഗ് പൂർണമായ അവസ്ഥയിലും തീർഥാടകർ ദർശനത്തിന് എത്തുന്നില്ല എന്നതാണ് കടുത്ത ആശയക്കുഴപ്പം സൃഷ്ടിച്ചിരിക്കുന്നത്.

മത്സ്യബന്ധന യാനങ്ങളിലെ സ്രാങ്കുമാർക്ക് പരിശീലനം

തിരുവനന്തപുരം: മത്സ്യബന്ധന യാനങ്ങളിൽ സ്രാങ്കായി ജോലി ചെയ്യുന്ന മത്സ്യത്തൊഴിലാളികൾക്കായി ഫിഷറീസ് വകുപ്പിന്റെ നേതൃത്വത്തിൽ സംഘടിപ്പിക്കുന്ന പരിശീലന പരിപാടിയിലേക്ക് അപേക്ഷ ക്ഷണിച്ചു. എട്ടാം ക്ലാസ് വിദ്യാഭ്യാസം പൂർത്തിയാക്കിയവരും 21നും 55നും മധ്യേ പ്രായമുള്ളവരുമായ മത്സ്യത്തൊഴിലാളികൾക്ക് അപേക്ഷിക്കാം. രജിസ്റ്റർ ചെയ്ത മത്സ്യബന്ധന യാനങ്ങളിൽ എൻജിൻ ഡ്രൈവറായി 2 വർഷത്തെ പ്രവൃത്തിപരിചയമോ ഡെക്ക് ഹാൻഡായി 5 വർഷത്തെ പ്രവൃത്തിപരിചയമോ ഉള്ളവരെയാണ് പരിശീലനത്തിന് പരിഗണിക്കുക. എൻ. ഐ. എഫ്. എ. എം മുഖേന അഞ്ചുദിവസത്തെ പരിശീലനമാണ് നൽകുന്നത്. മത്സ്യബന്ധനം, മത്സ്യങ്ങളുടെ ശുചിത്വപരമായ കൈകാര്യം ചെയ്യൽ, കടൽസുരക്ഷാ നടപടികൾ, നാവിഗേഷൻ ഉപകരണങ്ങളുടെ ഉപയോഗം, ബോയി സംവിധാനം, മറൈൻ റേഡിയോ ആശയവിനിമയം, തിരച്ചിൽ - രക്ഷാപ്രവർത്തനം, ദുരിത - കൊടുങ്കാറ്റ് സിഗ്നലുകൾ, പരിസ്ഥിതി മലിനീകരണ പ്രതിരോധം, അടിയന്തര വൈദ്യസഹായം തുടങ്ങിയ വിഷയങ്ങളിലാണ് പരിശീലനം നൽകുക. താൽപര്യമുള്ളവർ വെള്ളക്കടലാസിൽ തയ്യാറാക്കിയ അപേക്ഷ നവംബർ 30ന് വൈകിട്ട് 5ന് മുൻപായി ബന്ധപ്പെട്ട മത്സ്യഭവനുകളിൽ സമർപ്പിക്കണം. കൂടുതൽ വിവരങ്ങൾക്ക് 0471-2450773 എന്ന നമ്പറിൽ ബന്ധപ്പെടാം.

പോക്സോ കേസ്; നടൻ ശ്രീജിത്ത് രവിക്ക് ഒരു വർഷം തടവുശിക്ഷ

തൃശൂർ: പ്രായപൂർത്തിയാകാത്ത പെൺകുട്ടികൾക്ക് നേരെ നഗ്നതാ പ്രദർശനം നടത്തിയ കേസിൽ നടൻ ശ്രീജിത്ത് രവിക്ക് തടവും പിഴയും വിധിച്ചു. 2022 ജൂലൈ നാലിന് നടന്ന സംഭവത്തിൽ പ്രതിക്ക് ഒരു വർഷം തടവും 50,000 രൂപ പിഴയുമാണ് വിധിച്ചത്. തൃശൂർ ഫാസ്റ്റ് ട്രാക്ക് സ്പെഷ്യൽ കോടതിയാണ് നിർണായക വിധി.

തൃശൂർ അയ്യന്തോൾ ഗ്രൗണ്ടിന് സമീപം വെച്ച് വിദ്യാർഥിനികൾക്ക് നേരെ നഗ്നതാ പ്രദർശനം നടത്തിയെന്നാണ് കേസ്. സംഭവത്തിൽ പോക്സോ നിയമപ്രകാരമാണ് കേസെടുത്തത്. അതേസമയം വിധിക്കെതിരെ അപ്പീൽ നൽകുന്നതിനായി കോടതിയിൽ നിന്ന് ഒരു മാസത്തെ സമയം അനുവദിച്ചു. അതേസമയം ശ്രീജിത്ത് രവിക്ക് കോടതി ജാമ്യവും അനുവദിച്ചു.





പത്മശ്രീ രാമചന്ദ്രപൊതുവാളിന്റെ നേതൃത്വത്തിൽ ശബരിമല സന്നിധാനത്ത് തോൽപ്പാവകൂത്ത് അരങ്ങേറി



ശബരിമല സന്നിധാനത്ത് തന്ത്രി ബ്രഹ്മശ്രീ കണ്ഠരര് ബ്രഹ്മദത്തരുടെ കാർമികത്വത്തിൽ ഇന്ന് നടന്ന കളഭാഭിഷേകം എഴുന്നള്ളത്ത്.

ശബരിമല തീർത്ഥാടകർക്കായി 24 മണിക്കൂർ പോലീസ് ഹെൽപ്പ് ലൈൻ

14432 എന്ന നമ്പറിൽ വിളിക്കുക

കേരളത്തിന് പുറത്തുനിന്ന് വിളിക്കുന്ന തീർത്ഥാടകർക്ക് 04735-14432

ശബരിമല മണ്ഡല-മകര വിളക്ക് തീർത്ഥാടന കാലയളവിനോടനുബന്ധിച്ച്, തീർത്ഥാടകർക്ക് സഹായങ്ങളും അവശ്യ സേവനങ്ങളും ലഭ്യമാക്കുന്നതിനായി കേരള പോലീസ് പ്രത്യേക ഹെൽപ്പ് ലൈൻ ആരംഭിച്ചു. വിവിധ അടിയന്തര സാഹചര്യങ്ങളിൽ പിന്തുണ നൽകിക്കൊണ്ട് ഈ ഹെൽപ്പ് ലൈൻ 24 മണിക്കൂറും പ്രവർത്തിക്കും. കേരളത്തിനകത്തുള്ള തീർത്ഥാടകർ 14432 എന്ന നമ്പറിലും, കേരളത്തിന് പുറത്തുനിന്ന് വിളിക്കുന്നവർ എസ്ടിഡി (ടഠഉ) കോഡ് ഉൾപ്പെടെ 04735-14432 എന്ന നമ്പറിലും വിളിക്കണം. കാണാതാകുന്നവരെ കണ്ടെത്തുന്നതിനും, റോഡ പകടങ്ങളിൽ അടിയന്തര നടപടി സ്വീകരിക്കുന്നതിനും, വാഹനങ്ങൾ തകരാറിലാകുമ്പോൾ സഹായം എത്തിക്കുന്നതിനും, തകരാറിലായ വാഹനങ്ങൾ നിലയ്ക്കലിലേക്ക് മാറ്റുന്നതിനായി റിക്കവറി വാഹനങ്ങൾ ഏർപ്പാടാക്കുന്നതിനും ഹെൽപ്പ് ലൈൻ വഴി സഹായം ലഭിക്കുമെന്ന് പത്തനംതിട്ട ജില്ലാ പോലീസ് മേധാവി ആർ. ആനന്ദ് അറിയിച്ചു. കൂടാതെ, അടിയന്തര വൈദ്യസഹായം, ആംബുലൻസ് സേവനങ്ങൾ, ആശുപത്രി സൗകര്യങ്ങൾ എന്നിവയും ഇതിലൂടെ ലഭ്യമാക്കും. നീലിമല കയറ്റത്തിനിടയിൽ ഉണ്ടാകുന്ന ഹൃദയസംബന്ധമായ അടിയന്തര സാഹചര്യങ്ങളിൽ വൈദ്യസഹായം ഏകോപിപ്പിക്കുന്നതിനും സംവിധാനമുണ്ട്.

ഇതിനുപുറമെ, നഷ്ടപ്പെട്ട മൊബൈൽ ഫോണുകളും മറ്റ് സാധനങ്ങളും കണ്ടെത്തുന്നതിനുള്ള സഹായം, സ്പോട്ട് ബുക്കിംഗ് ലഭ്യതയെക്കുറിച്ചുള്ള വിവരങ്ങൾ, ശബരിമല ദർശന സമയം, നടതുറക്കുന്ന സമയം, പൂജാ സമയങ്ങൾ എന്നിവയെക്കുറിച്ചുള്ള അന്വേഷണങ്ങൾക്കും തീർത്ഥാടകർക്ക് ഈ സേവനം പ്രയോജനപ്പെടുത്താം. എയർടെൽ, ഐഡിയ, വിഐ മൊബൈൽ നെറ്റ്‌വർക്ക് ഉപയോക്താക്കൾ ഹെൽപ്പ് ലൈനിലേക്ക് വിളിക്കുന്നതിനായി മെയിൻ അക്കൗണ്ടിൽ ആവശ്യത്തിന് ബാലൻസ് ഉണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

മൃഗശാലയിൽ ഹനുമാൻ കുരങ്ങ് വീണ്ടും പുറത്തുചാടി; കൂട്ടിൽ കയറ്റാൻ ശ്രമം

തിരുവനന്തപുരം: മൃഗശാലയിലെ കൂട്ടിൽ നിന്ന് ഹനുമാൻ കുരങ്ങ് വീണ്ടും പുറത്തുചാടി. മുൻപ് ചാടിപ്പോയ അതേ കുരങ്ങാണ് ഇന്നും രക്ഷപ്പെട്ടതെന്ന് അധികൃതർ വ്യക്തമാക്കി. രാവിലെ എട്ടരയോടെയാണ് കുരങ്ങ് കൂട്ടിൽ നിന്ന് പുറത്തേക്ക് ചാടിയത്.പിന്നാലെ മൃഗശാല വളപ്പിലെ വലിയൊരു മരത്തിൽ ഇത് കയറിക്കൂടി. കുരങ്ങ് മൃഗശാലയ്ക്ക് പുറത്തേക്ക് പോയിട്ടില്ലെന്ന് സൂപ്രണ്ട് അനിൽകുമാർ അറിയിച്ചു. നിലവിൽ ഭക്ഷണം നൽകി കുരങ്ങിനെ തിരികെ കൂട്ടിലേക്ക് എത്തിക്കാനുള്ള നീക്കങ്ങളാണ് നടക്കുന്നത്. തുടർച്ചയായി നിരീക്ഷിക്കാൻ രണ്ട് സൂ കീപ്പർമാരെയും നിയോഗിച്ചിട്ടുണ്ട്.2023-ൽ തിരുപ്പതിയിൽ നിന്ന് എത്തിച്ച കുരങ്ങാണിത്. മുൻപും ഇതേ കുരങ്ങ് കൂട്ടിൽ നിന്ന് പുറത്തുചാടി നഗരത്തിലേക്ക് ഇറങ്ങിയ സംഭവമുണ്ടായിരുന്നു. അന്ന് ഏറെ സാഹസപ്പെട്ടാണ് കുരങ്ങിനെ തിരികെ പിടികൂടി കൂട്ടിലടച്ചത്.

കാലടി സർവകലാശാല: കോടതിവിധി അംഗീകരിക്കുന്നുവെന്ന് മന്ത്രി റോജി എം. ജോൺ

കോഴിക്കോട്: കാലടി സർവകലാശാല വിദ്യാർഥികളെ പരീക്ഷ എഴുതാൻ അനുവദിച്ചുകൊണ്ടുള്ള കോടതി വിധി അംഗീകരിക്കുന്നുവെന്ന് ഉന്നത വിദ്യാഭ്യാസ മന്ത്രി റോജി എം. ജോൺ.സർവകലാശാല അവരുടെ ചട്ടങ്ങൾ പ്രകാരമാണ് നടപടി എടുത്തത്. അതിനെതിരേയുണ്ടായ കോടതി വിധി അംഗീകരിക്കുന്നു. വിദ്യാർഥികൾ പരീക്ഷ എഴുതണമെന്നു തന്നെയാണ് സർക്കാർ നിലപാട്. പക്ഷെ അവർ സർക്കാരിനെ സമീപിച്ചില്ലെന്നും മന്ത്രി കോഴിക്കോട്ട് മാധ്യമങ്ങളോടു പറഞ്ഞു.

കൊല്ലത്ത് ഉറങ്ങിക്കിടന്ന ഭാര്യയെ ടിന്നർ ഒഴിച്ച് കത്തിച്ച സംഭവം; ഭർത്താവ് പിടിയിൽ

കൊല്ലം: കൊല്ലം കുണ്ടറയിൽ വീടിനുള്ളിൽ ഉറങ്ങിക്കിടന്ന ഭാര്യയെ ടിന്നർ ഒഴിച്ച് കത്തിച്ച സംഭവത്തിൽ ഭർത്താവ് പിടിയിൽ. ചന്ദനത്തോപ്പ് പെരിനാട് മുകളുവിളയിൽ അൽഫിയ മൻസിലിൽ നൗഷാദ് (47) ആണ് പിടിയിലായത്. കുണ്ടറ പൊലിസ് ആണ് പ്രതിയെ കസ്റ്റഡിയിലെടുത്തത്.ഒക്ടോബർ 29ന് ആയിരുന്നു കേസിന് ആസ്പദമായ സംഭവം. ഭാര്യയോടുള്ള മുൻവൈരാഗ്യത്തിൻറെ പേരിലാണ് പ്രതി അതിക്രമം കാട്ടിയത്. പുലർച്ചെ രണ്ടോടെ ഉറങ്ങിക്കിടന്ന ഭാര്യയുടെ ശരീരത്തിൽ ഇയാൾ ടിന്നർ ഒഴിച്ച് കത്തിക്കുകയായിരുന്നു.ദേഹത്ത് തീപിടിച്ച സ്ത്രീ നിലവിളിച്ച് ഓടിയതോടെ രക്ഷിക്കാൻ ശ്രമിച്ച മകനും പൊള്ളലേറ്റു. അടുക്കള ഒഴികെ വീട്ടിലെ മറ്റ് മുറികളും ഫർണിച്ചറുമെല്ലം കത്തിനശിച്ചു. സംഭവത്തിന് പിന്നാലെ ഒളിവിൽ പോയ നൗഷാദിനെ ഷൊർണൂരിൽ നിന്നാണ് പൊലിസ് പിടികൂടിയത്. പ്രതിയെ കോടതിയിൽ ഹാജരാക്കി റിമാൻഡ് ചെയ്യും.

കുഴഞ്ഞുവീണ് ചികിത്സയിലിരുന്ന രണ്ടാം ക്ലാസ് വിദ്യാർഥി മരിച്ചു

കോഴിക്കോട്: ശിശുദിനാഘോഷത്തിനിടെ സ്കൂളിൽ കുഴഞ്ഞുവീണ് ചികിത്സയിലായിരുന്ന രണ്ടാം ക്ലാസ് വിദ്യാർഥി മരിച്ചു. കോഴിക്കോട് പൂവാട്ടുപറമ്പ് എടിഎഎം എഎൽപി സ്കൂൾ വിദ്യാർഥിയും കൊളായി മീത്തൽ ബിജുവിൻറെ മകളുമായ കെ.എം.ആദിദേവ് (ഏഴ്) ആണ് മരിച്ചത്.തലച്ചോറിലെ രക്തസ്രാവത്തെ തുടർന്ന് കോഴിക്കോട് മെഡിക്കൽ കോളജ് ആശുപത്രിയിൽ ചികിത്സയിലായിരുന്നു. ശിശുദിനത്തോടനുബന്ധിച്ച് സ്കൂളിൽ നടന്ന പരിപാടിക്കിടെയാണ് ആദിദേവ് കുഴഞ്ഞുവീണത്. തുടർന്ന് സമീപത്തെ ആശുപത്രിയിൽ പ്രവേശിപ്പിച്ച കുട്ടിയെ വിദഗ്ധ ചികിത്സയ്ക്കായി കോഴിക്കോട് മെഡിക്കൽ കോളജിലേക്ക് മാറ്റുകയായിരുന്നു. അമ്മ: പ്രബിഷ. സഹോദരി: അക്ഷര.

ശബരിമല തീർത്ഥാടകർക്ക് തദ്ദേശ വകുപ്പിന്റെ 'ശരൺ' ആപ്പ്

ഇടത്താവളങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ, യാത്രാ വിവരങ്ങൾ, പ്രാദേശിക അറിയിപ്പുകൾ ഇനി വിരൽത്തുമ്പിൽആറ് ഭാഷകളിൽ സേവനം ലഭ്യമാകും

ശബരിമല തീർത്ഥാടനം കൂടുതൽ സുരക്ഷിതവും സുഗമവും സൗകര്യപ്രദവുമാക്കുന്നതിനായി തദ്ദേശ സ്വയംഭരണ വകുപ്പിലെ ഐ ടി വിഭാഗം വികസിപ്പിച്ചെടുത്ത 'ശരൺ' (ടഅഞഅച) ഡിജിറ്റൽ സംവിധാനം നിലവിൽ വന്നു. ആപ്ലിക്കേഷന്റെ ഔദ്യോഗിക പ്രകാശനം തദ്ദേശ വകുപ്പ് മന്ത്രി കെ എം ഷാജി നിർവഹിച്ചു.

ശബരിമലയിലേക്കുള്ള പാതകളിലെ ഇടത്താവളങ്ങൾ, അവിടെ ലഭ്യമായ അടിസ്ഥാന സൗകര്യങ്ങൾ, യാത്രാ വിവരങ്ങൾ, പ്രാദേശിക അറിയിപ്പുകൾ എന്നിവ ഒരൊറ്റ പ്ലാറ്റ്ഫോമിലൂടെ തീർത്ഥാടകരിലേക്ക് എത്തിക്കുകയാണ് ആപ്പിന്റെ ലക്ഷ്യം. ആപ്പ് പ്രത്യേകം ഡൗൺലോഡ് ചെയ്യാതെ ക്യു.ആർ. (ഝഞ) കോഡ് സ്കാൻ ചെയ്ത് മൊബൈൽ ബ്രൗസറിലൂടെ നേരിട്ട് ഉപയോഗിക്കാമെന്നതാണ് ഇതിന്റെ പ്രധാന സവിശേഷത. ആവശ്യമെങ്കിൽ ഫോണിന്റെ ഹോം സ്ക്രീനിലേക്കും ഇത് ചേർത്തുവെക്കാം.

മലയാളം, ഇംഗ്ലീഷ്, തമിഴ്, തെലുങ്ക്, കന്നഡ, ഹിന്ദി എന്നീ ആറ് ഭാഷകളിൽ സേവനം ലഭ്യമായതിനാൽ ഇതര സംസ്ഥാനങ്ങളിൽ നിന്നെത്തുന്ന ഭക്തർക്കും ഭാഷാപരമായ തടസ്സങ്ങളില്ലാതെ വിവരങ്ങൾ മനസ്സിലാക്കാൻ സാധിക്കും.

ലൊക്കേഷൻ സൗകര്യം ഉപയോഗിച്ച് തൊട്ടടുത്തുള്ള ഇടത്താവളങ്ങൾ ദൂരക്രമത്തിൽ കണ്ടെത്താനും ഇടത്താവളത്തിന്റെയോ തദ്ദേശ സ്ഥാപനത്തിന്റെയോ പേര് നൽകി തിരയാനും സാധിക്കും. ഓരോ ഇടത്താവളത്തിലെയും ഉൾക്കൊള്ളാവുന്ന ആളുകളുടെ എണ്ണം, കുടിവെള്ളം, ശൗചാലയം, കുളിക്കാനുള്ള സൗകര്യം, വാഹന പാർക്കിങ് ശേഷി, മൊബൈൽ ചാർജിങ് പോയിന്റുകൾ, വോളണ്ടിയർ സേവനം, ഭിന്നശേഷി സൗഹൃദ സംവിധാനങ്ങൾ എന്നിവ മുൻകൂട്ടി അറിയാം. ഇടത്താവളങ്ങൾക്ക് പുറമെ സമീപത്തുള്ള ആശുപത്രികൾ, പോലീസ്-ഫയർ സ്റ്റേഷനുകൾ, എ.ടി.എം., പെട്രോൾ പമ്പുകൾ, ബസ് സ്റ്റേഷനുകൾ എന്നിവ വിഭാഗം തിരിച്ച് കണ്ടെത്താനും ഗൂഗിൾ മാപ്സ് വഴി ദിശയറിയാനും സാധിക്കും.

ദിവസേനയുള്ള പൂജാ സമയങ്ങൾ ഹോം സ്ക്രീനിൽ തന്നെ ലഭ്യമാണ്. അന്നദാനം, പ്രത്യേക ബസ് സർവീസുകൾ, മെഡിക്കൽ ക്യാമ്പുകൾ തുടങ്ങിയവ സംബന്ധിച്ച ഏറ്റവും പുതിയ അറിയിപ്പുകളും യഥാസമയം ലഭിക്കും. ഇടത്താവളങ്ങളിലെ ശുചിത്വം വിലയിരുത്താനും പരാതികൾ റിപ്പോർട്ട് ചെയ്യാനും തീർത്ഥാടകർക്ക് അവസരമുണ്ട്.

തീർത്ഥാടകർ ഈ സൗകര്യം പരമാവധി പ്രയോജനപ്പെടുത്തണമെന്ന് തദ്ദേശ്ശ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ ദിവ്യ എസ് അയ്യർ അഭ്യർഥിച്ചു.

ഗൂഢാലോചനക്കുറ്റം തെളിയിക്കുക പ്രയാസമുള്ള കാര്യം; പ്രതികളെ ശിക്ഷിച്ചത് ആശ്വാസകരമെന്ന് വി. കുഞ്ഞികൃഷ്ണൻ

കണ്ണൂർ: ധനരാജ് വധക്കേസിൽ കോടതി വിധിക്ക് പിന്നാലെ പ്രതികരണവുമായി വി. കുഞ്ഞികൃഷ്ണൻ എംഎൽഎ. കണ്ണൂർ ജില്ലയിൽ രാഷ്ട്രീയ എതിരാളികളെ കൊലപ്പെടുത്തുന്ന സംഭവങ്ങളിൽ കൊലയ്ക്ക് പിന്നിലെ ലക്ഷ്യം തെളിയിക്കുക പ്രയാസമാണെന്ന് അദ്ദേഹം പറഞ്ഞു.

ഗൂഢാലോചന തെളിഞ്ഞാൽ മാത്രമേ ലക്ഷ്യവും കൃത്യമായി തെളിയിക്കാനാകൂവെന്ന് എംഎൽഎ വ്യക്തമാക്കി. കേസിൽ പ്രതികൾ കുറ്റക്കാരാണെന്ന് കോടതി കണ്ടെത്തിയതും അവർക്ക് ശിക്ഷ ഉറപ്പായതും ആശ്വാസം നൽകുന്ന കാര്യമാണെന്നും വി. കുഞ്ഞികൃഷ്ണൻ പറഞ്ഞു.

കേസിൽ വെറുതേവിട്ട 16 പ്രതികളുടെ കാര്യത്തിൽ വിധിപ്പകർപ്പ് പൂർണമായും പരിശോധിച്ച ശേഷം തുടർ നടപടികൾ സ്വീകരിക്കാൻ പ്രോസിക്യൂഷൻ സന്നധത അറിയിച്ചിട്ടുണ്ട്. വിധിപ്പകർപ്പ് പരിശോധിച്ചാലേ ഇക്കാര്യത്തിൽ കൃത്യമായ അഭിപ്രായം പറയാൻ സാധിക്കു എന്നും അദ്ദേഹം അറിയിച്ചു.

ഗൂഢാലോചനക്കുറ്റം നിയമപരമായി തെളിയിക്കുക എന്നത് വളരെ പ്രയാസമുള്ള കാര്യമാണ്. കൃത്യമായ രേഖാപരമായ തെളിവുകളോ ദൃക്സാക്ഷി മൊഴികളോ ഇതിന് അനിവാര്യമാണ്. ഗൂഢാലോചന തെളിയിക്കാൻ സാധിച്ചില്ല എന്നതുകൊണ്ട് മാത്രം ഗൂഢാലോചന നടന്നിട്ടില്ലെന്ന് പറയാൻ കഴിയില്ലെന്നും വി. കുഞ്ഞികൃഷ്ണൻ കൂട്ടിച്ചേർത്തു.

നിയന്ത്രണംവിട്ട കാർ ആളുകൾക്കിടയിൽ പാഞ്ഞുകയറി കൈക്കുഞ്ഞും അമ്മയും ഉൾപ്പടെ അഞ്ചുപേർ രക്ഷപ്പെട്ടു

നെടുമങ്ങാട്: കുടുംബം സഞ്ചരിച്ചിരുന്ന കാർ ആളുകൾക്കിടയിലേക്ക് ഇടിച്ചുകയറി, കൈക്കുഞ്ഞും അമ്മയും ഉൾപ്പടെയുള്ളവർ രക്ഷപ്പെട്ടത് തലനാരിഴയ് ക്ക്. ആർക്കും ഗുരുതര പരിക്കുകളില്ല. നെടുമങ്ങാട് നിന്നും വിതുരയിലേക്കു പോകുകയായിരുന്ന കാറാണ് അപകടപ്പെട്ടത്. വിതുര സ്വദേശിയും കെഎസ്ആർടിസി ജീവനക്കാരനുമായ അനിൽകുമാറും കുടുംബവുമാണ് കാറിലുണ്ടായിരുന്നത്. അനിൽകുമാറാണ് കാർ ഓടിച്ചിരുന്നത്. മന്നൂർക്കോണത്ത് എത്തിയപ്പോൾ അനിൽകുമാർ ഉറങ്ങിപ്പോവുകയായിരുന്നു. അമിത വേഗത്തിലെത്തിയ കാർ സമീപത്തെ പീപ്പിൾസ് ലൈബ്രറിയുടെ റീഡിംഗ് റൂമിലേക്ക് പാഞ്ഞു കയറുകയായിരുന്നു. ലൈബ്രറിയിൽ നടന്ന പരിപാടിയിൽ പങ്കെടുത്ത വനിതകൾ വീട്ടിലേക്കു മടങ്ങുന്നതിനു വാഹനം കാത്തു നിൽക്കുന്നതിനിടയിലേക്കാണ് കാർ പാഞ്ഞുകയറിയത്. കൈക്കുഞ്ഞുൾപ്പെടെ നിന്നിരുന്ന യുവതി ഉൾപ്പെടെ അഞ്ചുപേരാണ് രക്ഷപ്പെട്ടത്. വാഹനത്തിൻറെ വരവുകണ്ട് വേഗത്തിൽ മറ്റൊരുവശത്തേക്കു ഓടിമാറിയതിനാലാണ് അഞ്ചുപേരും രക്ഷപ്പെട്ടത്. ലൈബ്രറി മന്ദിരത്തിൻറ് കോൺക്രീറ്റ് പാളികൾ തെറിച്ച് അമ്മക്കും കൈക്കുഞ്ഞിനും മറ്റൊരാൾക്കും നേരിയ പരിക്കുകളേറ്റിട്ടുണ്ട്. വാഹനത്തിലുണ്ടായിരുന്നവർക്കും സാരമായ പരിക്കുകളില്ല.

തലേദിവസം ഉറക്കമൊഴിഞ്ഞുള്ള ഡ്യൂട്ടി ഉണ്ടായിരുന്നതിനാൽ മയങ്ങിപ്പോയെന്നാണ് അനിൽകുമാർ പൊലിസിനോട് പറഞ്ഞത്. സംഭവത്തിൽ വലിയമല പൊലിസ് കേസെടുത്തു.

സിബിഎൽ ആറാം സീസൺ കിരീടം മേൽപ്പാടം ചുണ്ടന്

കൊല്ലം: സംസ്ഥാന ടൂറിസം വകുപ്പ് സംഘടിപ്പിക്കുന്ന ചുണ്ടൻ വള്ളങ്ങളുടെ ഐപിഎൽ മാതൃകയിലുള്ള ചാമ്പ്യൻസ് ബോട്ട് ലീഗ് (സിബിഎൽ) ആറാം സീസൺ കിരീടവും കൊല്ലം പ്രസിഡൻറ്സ് ട്രോഫിയും പള്ളാത്തുരുത്തി ബോട്ട് ക്ലബ് തുഴഞ്ഞ മേൽപ്പാടം ചുണ്ടൻ കരസ്ഥമാക്കി. 11 മത്സരങ്ങൾ അവസാനിച്ചപ്പോൾ 100 പോയിൻറുമായി ഒന്നാമതെത്തിയ മേൽപ്പാടം ചുണ്ടൻ ചാമ്പ്യൻഷിപ്പ് കരസ്ഥമാക്കുകയായിരുന്നു. പള്ളാത്തുരുത്തി ബോട്ട് ക്ലബിൻറെ അഞ്ചാമത് സിബിഎൽ ചാമ്പ്യൻഷിപ്പ് വിജയമാണിത്. ആദ്യ നാല് സീസണിൽ തുടർച്ചയായി ചാമ്പ്യന്മാരായ പള്ളാത്തുരുത്തി അഞ്ചാം സീസണിൽ പരാജയപ്പെട്ടെങ്കിലും ആറാം സീസണിൽ കിരീടം തിരികെ പിടിച്ചു. സിബിഎൽ ചരിത്രത്തിലാദ്യമായാണ് നെഹ്റു ട്രോഫി ജയിച്ച വള്ളം സിബിഎൽ ചാമ്പ്യൻഷിപ്പിൽ പരാജയപ്പെടുന്നത്. ഇക്കൊല്ലത്തെ നെഹ്റു ട്രോഫി ചാമ്പ്യൻമാരായ കൊല്ലം അരോമ ബോട്ട് ക്ലബ് തുഴഞ്ഞ അരോമ ചുണ്ടന് പോയിൻറ് പട്ടികയിൽ രണ്ടാം സ്ഥാനത്തെ എത്താൻ കഴിഞ്ഞുള്ളൂ. ആദ്യ മത്സരങ്ങളിൽ മികച്ച കളി പുറത്തെടുത്ത അരോമയുടെ കിതപ്പും അവസാന മൂന്ന് മത്സരങ്ങളിൽ യുബിസി കൈനകരി എഫ് സിയുടെ വീയപുരത്തിൻറെ വീരോചിതമായ മുന്നേറ്റവും കണ്ട ഈ സീസണിൽ ഓരോ കളിയിലെയും വിജയം പോയിൻറ് നിലയിലെ സ്ഥാനങ്ങളിൽ വലിയ മാറ്റങ്ങൾക്ക് കാരണമായി. മന്ത്രിമാരായ പി. സി. വിഷ്ണുനാഥ്, ഷിബു ബേബി ജോൺ, എൻ. കെ. പ്രേമചന്ദ്രൻ എംപി എന്നിവർ സമ്മാനദാനം നിർവഹിച്ചു. ഹീറ്റ്സിലെ മികച്ച സമയത്തിൻറെ അടിസ്ഥാനത്തിലെ ഫൈനൽ ലൈനപ്പിൽ കുമരകം ടൗൺ ബോട്ട് ക്ലബ് തുഴയുന്ന പുണ്യാളൻ നിരണം എത്തിയത് ഈ സീസണിലെ മികച്ച മുന്നേറ്റമായി. ഫൈനൽ മത്സരത്തിൻറെ ആദ്യ പാദത്തിൽ തന്നെ പള്ളാത്തുരുത്തിയുടെ മേൽപ്പാടം ലീഡ് നേടി. ഈ ലീഡ് അവർ ഒരു വേളയിലും വിട്ടുകൊടുത്തില്ല. ഈ സീസണിലെ ഏറ്റവും മികച്ച പ്രകടനം കാഴ്ചവച്ച പുണ്യാളൻ നിരണം പള്ളാത്തുരുത്തിക്കും യുബിസിഎഫ്സിക്കും കനത്ത വെല്ലുവിളി ഉയർത്തി. പകുതിയിലെത്തുമ്പോൾ പുണ്യാളൻ അൽപം മുമ്പിലെന്ന് തോന്നി. എന്നാൽ അവസാന ലാപ്പിൽ യുബിസി കൈനകരിയും പുണ്യാളനും ഒപ്പത്തിനൊപ്പം വന്നു. തുടക്കത്തിലെ ലീഡ് വിട്ടു കൊടുക്കാതെ പൊരുതിയ പള്ളാത്തുരുത്തിയുടെ തുഴവേഗത്തിൽ (3.42.426 മിനിറ്റ്) മേൽപ്പാടം പ്രസിഡൻറ്സ് ട്രോഫിയും സിബിഎൽ കിരീടവും കരസ്ഥമാക്കി. പോയിൻറ് നിലയിൽ അരോമ സിബിഎൽ ചാമ്പ്യൻഷിപ്പിൻറെ റണ്ണർ അപ്പും (96 പോയിൻറ്) വീയപുരം മൂന്നാം സ്ഥാനത്തും (91 പോയിൻറ്) ഫിനിഷ് ചെയ്തു.

ഈ സീസണിലെ മികച്ച പ്രകടനം കാഴ്ചവച്ച പുണ്യാളൻ നിരണം കൊല്ലത്ത് രണ്ടാമതും (3.42.748 മിനിറ്റ്) യുബിസി നെഹ്റു ട്രോഫി വള്ളംകളിയോടെ ആവേശം തുടങ്ങുന്ന കേരളത്തിൻറെ ജലോത്സവ കാലത്തിന് പ്രൗഢഗംഭീരമായ സമാപനമാണ് കൊല്ലത്തെ പ്രസിഡൻറ്സ് ട്രോഫിയോടെ നടന്നത്.

കുറ്റിച്ചലിൽ മാർക്കറ്റ് കെട്ടിടത്തിൽ മധ്യവയസ്കൻ മരിച്ച നിലയിൽ

തിരുവനന്തപുരം: കുറ്റിച്ചൽ ജംഗ്ഷന് സമീപമുള്ള മാർക്കറ്റ് കെട്ടിടത്തിൽ മധ്യവയസ്കനെ മരിച്ച നിലയിൽ കണ്ടെത്തി. മണ്ണൂർക്കര വില്ലേജിൽ ഉത്തരംകോട് കുറുന്തരക്കോണം തോട്ടരികത്ത് വീട്ടിൽ ഇല്യാസ് മകൻ ബിനു (50) ആണ് മരിച്ചത്. 'കറണ്ട് ബിനു' എന്നറിയപ്പെടുന്ന ഇദ്ദേഹത്തെ ഇന്നു രാവിലെ 7.30 ഓടെയാണ് മരിച്ച നിലയിൽ കണ്ടെത്തിയത്.നെയ്യാർ ഡാം പൊലിസ് സ്റ്റേഷൻ പരിധിയിലാണ് സംഭവം. ഏകദേശം 20 വർഷത്തോളമായി കുടുംബവുമായി അകന്നുകഴിയുന്ന ബിനു കുറ്റിച്ചൽ പ്രദേശത്തെ കടവരാന്തകളിലാണ് അന്തിയുറങ്ങിയിരുന്നത്. വിവാഹിതനായ ഇദ്ദേഹത്തിന് ഭാര്യ ലാജിയും ജിജിൻ, ജിൻസി എന്നീ രണ്ട് മക്കളുമുണ്ട്.സ്ഥിരമായി മദ്യപിച്ചിരുന്ന വ്യക്തിയായിരുന്നു ബിനുവെന്നും നിലവിൽ മരണത്തിൽ മറ്റ് അസ്വാഭാവികതകളോ സംശയങ്ങളോ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ലെന്നുമാണ് പൊലിസിൽനിന്ന് ലഭിക്കുന്ന വിവരം.

കർഷകർ ബാങ്ക് വിവരങ്ങൾ കൃത്യമാക്കണം

പ്രകൃതിക്ഷോഭ ദുരിതാശ്വാസ പദ്ധതി, വിള ഇൻഷുറൻസ് പദ്ധതി എന്നിവ പ്രകാരം കർഷകർക്ക് അനുവദിച്ചിട്ടുള്ള ധനസഹായം ബാങ്ക് അക്കൗണ്ടുകളിലേക്ക് കൈമാറുന്നതിൽ തടസ്സങ്ങൾ നേരിടുന്ന സാഹചര്യത്തിൽ, കർഷകർ തങ്ങളുടെ ബാങ്ക് അക്കൗണ്ട് വിവരങ്ങൾ കൃത്യമാണെന്ന് ഉറപ്പുവരുത്തണമെന്ന് കൃഷി ഡയറക്ടറേറ്റ് അറിയിച്ചു.വർഷങ്ങൾക്ക് മുമ്പ് രജിസ്റ്റർ ചെയ്ത അപേക്ഷകളിൽ രേഖപ്പെടുത്തിയിട്ടുള്ള ബാങ്ക് അക്കൗണ്ട് നമ്പർ, കഎടഇ കോഡ്, അക്കൗണ്ട് ഉടമയുടെ പേര് എന്നിവയിലെ പിഴവുകളും നിലവിലെ ബാങ്ക് രേഖകളുമായുള്ള പൊരുത്തക്കേടുകളുമാണ് ധനസഹായം കൈമാറുന്നതിന് പ്രധാന തടസ്സമാകുന്നത്. വലിയ തുകയുടെ ധനസഹായം വിതരണം ചെയ്യേണ്ട സാഹചര്യത്തിൽ ഇത്തരം ചെറിയ പിഴവുകൾ പോലും പണമിടപാട് നടപടികളെ പ്രതികൂലമായി ബാധിക്കുന്നുണ്ട്.

ഈ സാഹചര്യത്തിൽ എല്ലാ കർഷകരും ബന്ധപ്പെട്ട കൃഷിഭവനുമായി ഉടൻ ബന്ധപ്പെടണം. അപേക്ഷകളിൽ നൽകിയിട്ടുള്ള ബാങ്ക് അക്കൗണ്ട് നമ്പർ, കഎടഇ കോഡ്, അക്കൗണ്ട് ഉടമയുടെ പേര് എന്നിവ ബാങ്ക് രേഖകളുമായി ഒത്തുനോക്കി കൃത്യമാണെന്ന് ഉറപ്പാക്കണം. എന്തെങ്കിലും പിഴവുകളോ മാറ്റങ്ങളോ ഉണ്ടെങ്കിൽ ആവശ്യമായ തിരുത്തലുകൾ വരുത്തി പുതുക്കിയ ബാങ്ക് വിവരങ്ങൾ കൃഷിഭവനിൽ സമർപ്പിക്കണം.

കർഷകർക്ക് അർഹമായ ധനസഹായം തടസ്സമില്ലാതെ ലഭ്യമാക്കുന്നതിനായി സമയബന്ധിതമായി ഈ നടപടികൾ പൂർത്തിയാക്കണമെന്നും കൃഷി ഡയറക്ടറേറ്റ് അറിയിച്ചു.

ഉൽപ്പാദനച്ചെലവിലെ വർധനവ് കാരണമാണ് കാലിത്തീറ്റ വില കൂട്ടേണ്ടി വന്നതെന്ന് മിൽമ

തിരുവനന്തപുരം: അസംസ്കൃത വസ്തുക്കളുടെ വിലവർധനവ്, ഗതാഗതച്ചെലവ്, പ്രതികൂല കാലാവസ്ഥ എന്നിവ കാരണം ഉൽപ്പാദന ചെലവിലുണ്ടായ വർധനവ് കാരണമാണ് കാലിത്തീറ്റയുടെ വില കൂട്ടേണ്ടി വന്നതെന്ന് മിൽമ. അവശ്യ ഘടകങ്ങളുടെയും പാക്കിംഗ് സാമഗ്രികളുടെയും വിലക്കയറ്റത്തിന് കാരണമായിട്ടുണ്ട്.

ഗുണമേ?യുള്ള തീറ്റയുടെ ഉൽപ്പാദനവും ക്ഷീരകർഷകർക്ക് തടസ്സമില്ലാത്ത വിതരണവും ഉറപ്പാക്കാൻ കാലിത്തീറ്റ വില കൂട്ടേണ്ടിവന്നത് അനിവാര്യമാണെന്നും മിൽമ വ്യക്തമാക്കി. നവംബർ 17 മുതൽ മിൽമ കാലിത്തീറ്റയുടെ വില വർധിപ്പിച്ചിരുന്നു.

ഉൽപ്പാദനച്ചെലവിലുണ്ടാകുന്ന വർധനവ് ക്ഷീരകർഷകരുടെമേൽ അധിക സാമ്പത്തിക ബാധ്യതയായി അടിച്ചേൽപ്പിക്കാതിരിക്കാൻ മിൽമ ദീർഘകാലമായി ശ്രമിച്ചിരുന്നുവെന്നും ഈ ചെലവുകൾ പൂർണ്ണമായും ഉൾക്കൊള്ളാൻ കഴിയാത്ത സാഹചര്യത്തിലാണ് വില വർധിപ്പിക്കാൻ തീരുമാനിച്ചതെന്നും മിൽമ ചെയർമാൻ കെ.എസ് മണി പറഞ്ഞു. ഈ വില പരിഷ്കരണം കന്നുകാലിത്തീറ്റ ഉൽപ്പാദന പ്രവർത്തനങ്ങളുടെ നിലനിൽപ്പ് ഉറപ്പാക്കാൻ മാത്രമുള്ളതാണ്. ക്ഷീരകർഷകരെ ബുദ്ധിമുട്ടിച്ചുകൊണ്ട് അമിതമായ വാണിജ്യ ലാഭം നേടുക എന്ന ലക്ഷ്യം ഇതിനില്ല.

ക്ഷീരകർഷകരെ സഹായിക്കുന്നതിനും സംസ്ഥാനത്തെ ക്ഷീരമേഖലയുടെ നിലനിൽപ്പ് ഉറപ്പാക്കുന്നതിനുമായി 2022-23 സാമ്പത്തിക വർഷം മുതൽ ഏകദേശം 80 കോടി രൂപയുടെ കാലിത്തീറ്റ സബ്സിഡി മിൽമ നൽകിയിട്ടുണ്ട്. നവംബർ 17 മുതൽ പ്രാബല്യത്തിൽ വന്ന വില പരിഷ്കരണത്തിന് ശേഷവും ഒരു ചാക്ക് കാലിത്തീറ്റയ്ക്ക് ശരാശരി 200 മുതൽ 300 രൂപ വരെ നഷ്ടമാണ് ഉൽപ്പാദന കേന്ദ്രങ്ങളിൽ ഉണ്ടാകുന്നതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

കാർഷിക ഭൂമിയുടെ ലഭ്യതക്കുറവും കാലിത്തീറ്റ നിർമ്മാണത്തിന് ആവശ്യമായ പ്രധാന കാർഷിക ഉൽപ്പന്നങ്ങളുടെ ആഭ്യന്തര ഉൽപ്പാദനം കുറവായതും കാരണം അസംസ്കൃത വസ്തുക്കൾക്കായി കേരളം മറ്റ് സംസ്ഥാനങ്ങളെയാണ് ആശ്രയിക്കുന്നത്. പ്രതികൂല കാലാവസ്ഥയും മറ്റ് വ്യവസായങ്ങളിൽനിന്ന് വർദ്ധിച്ചുവരുന്ന മത്സരവും കാരണം അസംസ്കൃത വസ്തുക്കളുടെ ലഭ്യതയിൽ പ്രതിസന്ധി നേരിടുന്നുണ്ട്. എൽ നിനോ പ്രതിഭാസവും അതുമൂലമുണ്ടായ മഴക്കുറവും അസ്ഥിരമായ മൺസൂണും പ്രധാന കാർഷിക മേഖലകളെ പ്രതികൂലമായി ബാധിച്ചു.

ദേശീയ എത്തനോൾ-ബ്ലെൻഡിംഗ് പദ്ധതിയുടെ ഭാഗമായി ചോളം ഉപയോഗിച്ച് എത്തനോൾ ഉൽപ്പാദിപ്പിക്കുന്നത് വർധിച്ചത് കാലിത്തീറ്റ നിർമ്മാണത്തിന് ആവശ്യമായ ചോളം ലഭിക്കുന്നതിന് തടസ്സമായി. മധ്യപൂർവേഷ്യയിൽ നിലനിൽക്കുന്ന ഭൗമരാഷ്ട്രീയ സംഘർഷങ്ങൾ അസംസ്കൃത വസ്തുക്കൾ സംഭരിക്കുന്നതിലെ നിലവിലുള്ള പ്രതിസന്ധികളെ രൂക്ഷമാക്കി.കേരളത്തിലെ ക്ഷീരമേഖല പച്ചപ്പുല്ലിൻറെയും ഉണക്കപ്പുല്ലിൻറെയും ക്ഷാമം നേരിടുന്നുണ്ട്. ഭൂമിലഭ്യതയിലെയും തീറ്റപ്പുൽ കൃഷിയുടെയും കുറവ്, കൃഷിഭൂമി പല കഷ്ണങ്ങളായി വിഭജിക്കപ്പെട്ടിരിക്കുന്നത്, തീറ്റപ്പുല്ല് ലഭ്യതയിലെ വ്യതിയാനങ്ങൾ എന്നിവയെല്ലാം ഇതിന് കാരണമാണ്.

അവശ്യ അസംസ്കൃത വസ്തുക്കൾ കണ്ടെത്തുന്നതിനായി കന്നുകാലിത്തീറ്റ നിർമ്മാണ മേഖലയിൽ ഇപ്പോൾ കടുത്ത മത്സരം നടക്കുകയാണ്. വൻകിട കാലിത്തീറ്റ-കോഴിത്തീറ്റ നിർമ്മാതാക്കൾ, സംയോജിത മൃഗസംരക്ഷണ സംരംഭങ്ങൾ, മറ്റ് വ്യാവസായിക ഉപഭോക്താക്കൾ എന്നിവർക്കെല്ലാം ഇത് ആവശ്യമാണ്. ഇതോടെ ഗുണമേന്മയുള്ള അസംസ്കൃത വസ്തുക്കൾ ന്യായമായ വിലയിൽ ലഭ്യമാക്കുകന്നത് വെല്ലുവിളിയായി മാറുന്നു.

അവശ്യ അസംസ്കൃത വസ്തുക്കളുടെയും ഉൽപ്പാദനത്തിന് ആവശ്യമായ മറ്റ് ഘടകങ്ങളുടെയും വില തുടർച്ചയായി വർദ്ധിച്ചിട്ടും 2022 നവംബർ മുതൽ മിൽമ കാലിത്തീറ്റ വിൽപന വിലയിൽ മാറ്റം വരുത്തിയിട്ടില്ല. കാലിത്തീറ്റ പ്ലാൻറുകൾ തുടർച്ചയായി പ്രവർത്തന നഷ്ടം നേരിട്ടുകൊണ്ടിരിക്കുകയാണ്. 2022 മുതൽ ഇതിൻറെ ആകെ സാമ്പത്തിക ബാധ്യത ഏകദേശം 50 കോടി രൂപയാണ്. ഇതിൽ 2026 ഏപ്രിൽ 1 മുതൽ ഒക്ടോബർ 31 വരെയുള്ള കാലയളവിലെ നഷ്ടം മാത്രം 22 കോടി രൂപയാണ്.

യഥാർത്ഥ ഉൽപ്പാദനച്ചെലവും വിൽപന വിലയും തമ്മിലുള്ള അന്തരം ഒരു പരിധിവരെ കുറയ്ക്കുന്നതിനും, അതുവഴി പ്ലാൻറുകളുടെ പ്രവർത്തനം നിലനിർത്തുന്നതിനും സഹകരണ ശൃംഖലയിലൂടെ ഗുണമേന്മയുള്ള കന്നുകാലിത്തീറ്റ ലഭ്യമാക്കുന്നത് തുടരുന്നതിനും ഈ വില പരിഷ്കരണം അനിവാര്യമാണ്.

കാലിത്തീറ്റ ഉൽപ്പാദനച്ചെലവ് കുറയ്ക്കുന്നതിനുള്ള എല്ലാ സാധ്യതകളും പരിശോധിച്ചുവരികയാണെന്ന് മിൽമ അറിയിച്ചു. ഇതിൻറെ ഭാഗമായി മൂന്ന് പ്രാദേശിക യൂണിയനുകൾ വഴി ഓരോ ചാക്ക് കാലിത്തീറ്റയ്ക്കും 100 രൂപ മുതൽ 200 രൂപ വരെ അധിക സബ്സിഡി നൽകുന്നുണ്ട്. കൂടാതെ അസംസ്കൃത വസ്തുക്കൾ സംഭരിക്കുന്നതിനുള്ള മെച്ചപ്പെട്ട തന്ത്രങ്ങൾ ആവിഷ്കരിക്കുക, ഉൽപ്പാദന പ്രക്രിയകൾ കൂടുതൽ കാര്യക്ഷമമാക്കുക, പോഷകമൂല്യത്തിൽ വിട്ടുവീഴ്ച വരുത്താതെ ശാസ്ത്രീയമായി അംഗീകരിക്കപ്പെട്ട ബദൽ തീറ്റ ഘടകങ്ങൾ ഉപയോഗിക്കുക തുടങ്ങിയ നടപടികളും മിൽമ സ്വീകരിച്ചുവരുന്നു.

കേരളത്തിലെ ക്ഷീരമേഖലയുടെ നിലനിൽപ്പിനായി ക്ഷീരകർഷകർ നൽകുന്ന സംഭാവനകളെ മിൽമ ആത്മാർത്ഥമായി അംഗീകരിക്കുന്നു. കാലിത്തീറ്റയുടെ വില വർധനവ് മൂലം കർഷകർ നേരിടുന്ന ആശങ്കകളെ മിൽമ പൂർണ്ണമായി മനസ്സിലാക്കുന്നു. കർഷകരുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കുന്നതിനും, ക്ഷീര സഹകരണ ക്ഷീരമേഖലയെ ശക്തിപ്പെടുത്തുന്നതിനും ഫെഡറേഷൻ പ്രതിജ്ഞാബദ്ധമാണെന്നും മിൽമ വ്യക്തമാക്കി.

അയോധ്യയിൽ നിന്ന് ഇനി നേപ്പാളിലേക്ക് ട്രെയിൻ കുതിക്കും; സർവീസ് 28 മുതൽ

ന്യൂഡൽഹി: ഉത്തർപ്രദേശിലെ അയോധ്യയേയും നേപ്പാളിലെ ജനക്പുരിനെയും ബന്ധിപ്പിക്കുന്ന ട്രെയിൻ പ്രധാനമന്ത്രി നരേന്ദ്ര മോദിയും നേപ്പാൾ പ്രധാനമന്ത്രി ബാലേന്ദ്ര ഷായും ചേർന്ന് ഫ്ലാഗ് ഓഫ് ചെയ്തു. അയോധ്യ കൻറോൺമെൻറിൽ നിന്ന് ജനക്പൂർ ധാമിനെ ബന്ധിപ്പിക്കുന്ന 604 കിലോമീറ്റർ ദൂരമുള്ള ട്രെയിൻ സർവീസ് ഇരുപ്രധാനമന്ത്രിമാരും വീഡിയോ കോൺഫറൻസിംഗിലൂടെയാണ് ഫ്ലാഗ് ഓഫ് ചെയ്തത്. സരയു-കമല എക്സ്പ്രസ് എന്ന പേരിലുള്ള ട്രെയിൻ സർവീസിലൂടെ ഇന്ത്യയിലെ സഞ്ചാരികൾക്ക് 19 മണിക്കൂർ ട്രെയിൻ യാത്രയിലൂടെ നേരിട്ടു നേപ്പാളിലെത്താം. നിലവിലുള്ള മറ്റു ട്രെയിൻ സർവീസുകൾ പോലെ നേപ്പാളിലെത്താൻ യാത്രക്കാർക്ക് ട്രെയിനുകൾ മാറി മാറി സഞ്ചരിക്കേണ്ടിവരില്ല. 28 മുതൽ ആരംഭിക്കുന്ന സർവീസ് ആഴ്ചയിലൊരിക്കലായിരിക്കും ഉണ്ടാകുക. അയോധ്യ മുതൽ നേപ്പാൾ വരെ പത്ത് സ്റ്റേഷനുകളുണ്ടാകും. ഐതിഹ്യപ്രകാരം ശ്രീരാമൻറെ ജന്മസ്ഥലമായി അയോധ്യയും സീതയുടെ നേപ്പാളിലെ ജന്മസ്ഥലമായി ജനക്പൂർ ധാമും വിശ്വസിക്കപ്പെടുന്നതിനാൽ ഇരുരാജ്യങ്ങളെയും ബന്ധിപ്പിക്കുന്ന ദീർഘദൂര ട്രെയിൻ സർവീസ് ആത്മീയ ടൂറിസത്തിനു ഗുണമാകും. നേപ്പാളിലേക്കെത്താൻ വീസ ആവശ്യമില്ലാത്തതിനാൽ യാത്രക്കാർ ഇന്ത്യൻ പാസ്പോർട്ടോ സാധുവായ വോട്ടർ തിരിച്ചറിയൽ കാർഡുകളോ കൈയിൽ കരുതിയാൽ മതി.

ബംഗാളിലെ വോട്ടർ പട്ടിക വിവാദം; പേര് വെട്ടിയവരുടെ അപ്പീലുകൾക്ക് മുൻഗണനയെന്ന് സുപ്രീംകോടതി

ന്യൂഡൽഹി: പശ്ചിമ ബംഗാളിലെ വോട്ടർ പട്ടിക പരിഷ്കരണവുമായി ബന്ധപ്പെട്ട അപ്പീലുകൾ പരിഗണിക്കുന്നതിൽ നിർണായക നിരീക്ഷണവുമായി സുപ്രീംകോടതി. പേര് ഒഴിവാക്കപ്പെട്ടവരുടെ പരാതികൾക്ക് മുൻഗണന നൽകണമെന്ന് സുപ്രീംകോടതി വ്യക്തമാക്കി. വോട്ടർ പട്ടികയിൽ നിന്ന് പേര് നീക്കം ചെയ്യപ്പെട്ടവരുടെ അപ്പീലുകൾ വേഗത്തിൽ തീർപ്പാക്കണമെന്നും കോടതി നിർദേശിച്ചു.

ആകെ ലഭിച്ച 38.31 ലക്ഷം അപ്പീലുകളിൽ 22.21 ലക്ഷവും വോട്ടർ പട്ടികയിൽ നിന്ന് പേര് ഒഴിവാക്കപ്പെട്ടവരുടേതാണ്. ഈ പരാതികൾക്ക് പ്രത്യേക പരിഗണന നൽകണമെന്നാണ് സുപ്രീംകോടതിയുടെ നിർദേശം. കോൽക്കത്ത മുനിസിപ്പൽ കോർപറേഷൻ പരിധിയിൽ നിന്നുള്ള അപ്പീലുകളുംപരിഗണിക്കണം.അപ്പീലുകൾ തീർപ്പാക്കുന്നതിലെ കാലതാമസം ഒഴിവാക്കുന്നതിനായി ട്രൈബ്യൂണലുകളുടെ എണ്ണം വർധിപ്പിക്കാനും നിർദേശിച്ചു. ഇതിനായി കൽക്കട്ട ഹൈക്കോടതി ചീഫ് ജസ്റ്റീസുമായി ആലോചിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് തെരഞ്ഞെടുപ്പ് കമ്മീഷനോട് സുപ്രീംകോടതി നിർദ്ദേശം നൽകി.

കൂട്ടിക്കട മേൽപ്പാലം: മേയ് 14നകം ഭൂമി ഏറ്റെടുക്കൽ പൂർത്തിയാക്കുമെന്ന് എൻ. കെ. പ്രേമചന്ദ്രൻ എംപി

കൊല്ലം: കൂട്ടിക്കട റെയിൽവേ മേൽപ്പാലത്തിനായി ഭൂമി ഏറ്റെടുക്കുന്നതിന് 45.26 കോടി രൂപ 2027 മേയ് 14നകം ലഭ്യമാക്കുമെന്ന് എൻ. കെ. പ്രേമചന്ദ്രൻ എംപി. ഭൂമി ഏറ്റെടുക്കൽ നടപടികൾ പൂർത്തിയാക്കിയാലുടൻ ടെൻഡർ വിളിച്ച് നിർമാണം ആരംഭിക്കും. പദ്ധതിക്കു നിലവിൽ സാങ്കേതിക തടസങ്ങളില്ലെന്നും അദ്ദേഹം വിശദീകരിച്ചു. കൂട്ടിക്കട മേൽപ്പാലവുമായി ബന്ധപ്പെട്ട് ഭൂവുടമകളുടെയും പ്രദേശവാസികളുടെയും ആശങ്കകൾ പരിഹരിക്കാൻ വ്യാഴാഴ്ച കൂട്ടിക്കട എച്ച്ഐഎം ഹാളിൽ ചേർന്ന യോഗത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. പദ്ധതി യാഥാർഥ്യമാക്കാൻ വിഷ്ണു മോഹൻ എംഎൽഎ കഴിഞ്ഞ ആറുമാസത്തിനിടെ പരമാവധി ഇടപെടലുകൾ നടത്തിയിട്ടുണ്ടെന്നും പ്രേമചന്ദ്രൻ പറഞ്ഞു. 2018 ഏപ്രിൽ 19നാണ് പദ്ധതിക്ക് ഭരണാനുമതി ലഭിച്ചത്. എന്നാൽ ഭൂമി ഏറ്റെടുക്കുന്നതിനുള്ള അപേക്ഷ ജില്ലാഭരണകൂടത്തിന് ലഭിച്ചത് 2023 മാർച്ച് ഒൻപതിനാണ്. ഭരണാനുമതി ലഭിച്ച് അഞ്ചുവർഷത്തോളം കഴിഞ്ഞാണ് ഭൂമി ഏറ്റെടുക്കൽ നടപടികൾക്കായി അപേക്ഷ നൽകിയത്. തുടർന്ന് 2024ൽ ഭൂമി ഏറ്റെടുക്കലിനുള്ള 11 (1) വിജ്ഞാപനം പുറപ്പെടുവിച്ചു. വിജ്ഞാപനത്തിന്റെ കാലാവധി പലതവണ നീട്ടിയെങ്കിലും 2026 നവംബർ 14-ന് അവസാനിക്കേണ്ടതായിരുന്നു. എംഎൽഎ വിഷ്ണു മോഹനൊപ്പം മുഖ്യമന്ത്രിക്ക് നിവേദനം നൽകിയതിനെത്തുടർന്ന് ആറുമാസത്തേക്ക് കാലാവധി നീട്ടിയെന്നും അദ്ദേഹം പറഞ്ഞു. മേയ് 14നകം ഫണ്ട് ലഭ്യമാക്കി ഭൂമി ഏറ്റെടുക്കൽ നടപടികൾ പൂർത്തിയാക്കാൻ എല്ലാ രാഷ്ട്രീയകക്ഷികളും ജനപ്രതിനിധികളും ഒറ്റക്കെട്ടായി പ്രവർത്തിക്കണം. ഭൂമി വിട്ടുനൽകുന്നവർക്ക് 2013-ലെ നിയമപ്രകാരം പരമാവധി നഷ്ടപരിഹാരം ലഭ്യമാക്കാൻ ഇടപെടുമെന്നും അദ്ദേഹം ഉറപ്പുനൽകി. റെയിൽവേ ഗേറ്റുകൾക്ക് പകരം മേൽപ്പാലങ്ങൾ നിർമിക്കുകയെന്നത് റെയിൽവേയുടെ പൊതുനയമാണ്. പദ്ധതി ചെലവിൻറെ പകുതി കേന്ദ്രവും പകുതി സംസ്ഥാനവുമാണ് വഹിക്കേണ്ടത്. ഭൂമി ഏറ്റെടുക്കൽ സംസ്ഥാനത്തിൻറെ ചുമതലയായതിനാൽ ഇതുമായി ബന്ധപ്പെട്ട നടപടികളിലാണ് പ്രധാനമായും കാലതാമസം നേരിടുന്നതെന്നും പ്രേമചന്ദ്രൻ വിശദീകരിച്ചു. കിഫ്ബിയുമായി ബന്ധപ്പെട്ട പരിശോധനകൾ നിലവിലുള്ള പദ്ധതികളെ ബാധിക്കില്ലെന്ന് മുഖ്യമന്ത്രി നിയമസഭയിൽ വ്യക്തമാക്കിയിട്ടുണ്ടെന്നും കൂട്ടിച്ചേർത്തു. എംഎൽഎ വിഷ്ണുമോഹൻ അധ്യക്ഷനായി. മേയർ എ. കെ. ഹഫീസ്, ഡപ്യൂട്ടി മേയർ ഉദയാ സുകുമാരൻ, മയ്യനാട് പഞ്ചായത്ത് പ്രസിഡൻറ് മുഹമ്മദ് റാഫി, കോർപറേഷൻ ആക്കോലിൽ ഡിവിഷൻ കൗൺസിലർ എ. കെ. അസൈൻ, മയ്യനാട് പഞ്ചായത്ത് അംഗം ഷെമീർ, ഡെപ്യൂട്ടി കളക്ടർ അനിൽ തുടങ്ങിയവർ പങ്കെടുത്തു.

വരന്മാർക്ക് 'കോടി' സമ്മാനം; 500 രൂപ നോട്ടുകളാൽ തീർത്ത 100 അടി നീളമുള്ള കൂറ്റൻ മാലകൾ

ലക്നോ: ഉത്തർപ്രദേശിലെ മഥുരയിൽ നടന്ന വിവാഹത്തിൽ വരൻന്മാർക്ക് ഒരു കോടി രൂപ വീതം വിലമതിക്കുന്ന കറൻസി നോട്ടുകൾ കൊണ്ടുള്ള കൂറ്റൻ മാലകൾ സമ്മാനമായി നൽകി. മഥുരയിലെ നഗ്ല ഫോണ്ട ഗ്രാമത്തിൽ ശനിയാഴ്ച നടന്ന ചടങ്ങിലാണ് ഈ വേറിട്ട കാഴ്ച. രാജസ്ഥാനിൽ നിന്നുള്ള വരന്മാരായ പ്രശാന്തിനും കൻഹ രാഘവിനുമാണ് സമ്മാനം ലഭിച്ചത്. ഗോവർധനിലെ മഡ്സെറാസ് ഗ്രാമത്തിൽ നിന്നുള്ള യുവതികളുമായായിരുന്നു ഇവരുടെ വിവാഹം നിശ്ചയിച്ചിരുന്നത്.ഗ്രാമത്തലവനായ സഹോദരീഭർത്താവാണ് വരന്മാർക്ക് സമ്മാനം നൽകിയത്. 500 രൂപയുടെ നോട്ടുകൾ കോർത്തിണക്കിയാണ് ഓരോ മാലയും തയാറാക്കിയത്. ഏകദേശം 100 അടി നീളമുണ്ടായിരുന്ന മാലകളിൽ ഓരോന്നിലും ഒരു കോടി രൂപയുടെ നോട്ടുകൾ ഉണ്ടായിരുന്നുവെന്നാണ് റിപ്പോർട്ട്.വലിപ്പവും ഭാരവും ഏറെയുള്ളതിനാൽ നിരവധി പേർ ചേർന്നാണ് മാലകൾ ഉയർത്തിപ്പിടിച്ചത്. തുടർന്ന് വീടിൻറെ ടെറസിന് മുകളിൽ നിന്ന വരന്മാരുടെ കഴുത്തിൽ മാലകൾ അണിയിക്കുകയായിരുന്നു.ചടങ്ങിൽ പങ്കെടുത്ത പലരും ദൃശ്യങ്ങൾ മൊബൈൽ ഫോണുകളിൽ പകർത്തി. പിന്നീട് ഈ വീഡിയോകൾ സമൂഹമാധ്യമങ്ങളിൽ പ്രചരിച്ചതോടെ സംഭവം വലിയ രീതിയിൽ ശ്രദ്ധ നേടുകയായിരുന്നു.

ശക്തമായ എൽ നിനോ: ഹിമാലയൻ മേഖലയിൽ കനത്ത മഴയ്ക്കും മഞ്ഞുവീഴ്ചയ്ക്കും സാധ്യത; നേപ്പാളിന് മുന്നറിയിപ്പ്

കഠ്മണ്ഡു: ശക്തമായ എൽ നിനോ പ്രതിഭാസത്തിൻറെ സ്വാധീനത്താൽ ഈ ശൈത്യകാലത്ത് ഹിന്ദുകുഷ് ഹിമാലയൻ മേഖലയിൽ സാധാരണയേക്കാൾ കൂടുതൽ മഴയും മഞ്ഞുവീഴ്ചയും ഉണ്ടാകുമെന്ന് പുതിയ കാലാവസ്ഥാ റിപ്പോർട്ട്. നേപ്പാളിൽ വെള്ളപ്പൊക്കം, മണ്ണിടിച്ചിൽ, ഹിമപാതം എന്നിവയ്ക്ക് സാധ്യതയേറുന്നതിനാൽ ജാഗ്രത പാലിക്കണമെന്നാണ് മുന്നറിയിപ്പ്.

ഇൻറർനാഷണൽ സെൻറർ ഫോർ ഇൻറഗ്രേറ്റഡ് മൗണ്ടൻ ഡെവലപ്മെൻറ്, ബെയ്ജിംഗ് നോർമൽ യൂണിവേഴ്സിറ്റി, ചൈനീസ് അക്കാദമി ഓഫ് സയൻസസിലെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അറ്റ്മോസ്ഫെറിക് ഫിസിക്സ് എന്നിവ ചേർന്ന് പുറത്തിറക്കിയ ഹിന്ദുകുഷ് ഹിമാലയ വിൻറർ ഔട്ട്ലുക്ക് 2026 റിപ്പോർട്ടിലാണ് ഈ വിലയിരുത്തലുകൾ. 1950-ന് ശേഷം രേഖപ്പെടുത്തിയതിൽ വച്ച് ഏറ്റവും ശക്തമായ എൽ നിനോ ആയി ഇത് മാറാൻ 60 ശതമാനം സാധ്യതയുണ്ടെന്ന് യുഎസ് നാഷണൽ ഓഷ്യാനിക് ആൻഡ് അറ്റ്മോസ്ഫെറിക് അഡ്മിനിസ്ട്രേഷൻ നേരത്തെ വ്യക്തമാക്കിയിരുന്നു.

നേപ്പാൾ, അഫ്ഗാനിസ്ഥാൻ, ബംഗ്ലദേശ് എന്നിവിടങ്ങളിൽ കൂടുതൽ മഴ ലഭിക്കാൻ സാധ്യതയുണ്ട്. താഴ്വരകളിൽ മഴയും ഉയർന്ന പ്രദേശങ്ങളിൽ കനത്ത മഞ്ഞുവീഴ്ചയും ഉണ്ടാകും. പടിഞ്ഞാറൻ ഹിമാലയത്തിൽ പ്രാദേശികമായി വെള്ളപ്പൊക്കം, മണ്ണിടിച്ചിൽ, ഹിമപാതം എന്നിവയ്ക്ക് വഴിവച്ചേക്കാം.

അഫ്ഗാനിസ്ഥാൻ, പാക്കിസ്ഥാൻ, ഉത്തരേന്ത്യ, നേപ്പാൾ എന്നിവിടങ്ങളിൽ ആഴ്ത്തിലുള്ള മഞ്ഞുവീഴ്ച പ്രതീക്ഷിക്കുമ്പോൾ, ഭൂട്ടാനിലും കിഴക്കൻ ടിബറ്റിലും മഞ്ഞുവീഴ്ച കുറവായിരിക്കും. മഞ്ഞിൻറെ കുറവ് ജലസേചനത്തെയും ജലവൈദ്യുത പദ്ധതികളെയും ബാധിച്ചേക്കാം. ചിലയിടങ്ങളിൽ കനത്ത മഴ പെയ്യുമ്പോഴും തെക്കുകിഴക്കൻ ടിബറ്റിലും മ്യാൻമറിൻറെ ചില ഭാഗങ്ങളിലും വരണ്ട കാലാവസ്ഥയും കാട്ടുതീ സാധ്യതയും കൂടുതലായിരിക്കും.

കഴിഞ്ഞ മൺസൂൺ കാലത്ത് നേപ്പാളിലും ഭൂട്ടാനിലും കനത്ത നാശനഷ്ടങ്ങളുണ്ടായിരുന്നു. ഓഗസ്റ്റിലുണ്ടായ പ്രളയത്തിൽ 1,500-ലധികം പേർ മരിക്കുകയും 5,000-ത്തിലധികം പേരെ കാണാതാവുകയും ചെയ്തിരുന്നു. പുനർനിർമാണത്തിനും ദുരിതാശ്വാസത്തിനുമായി 4.7 ബില്യൺ ഡോളറാണ് ചെലവ് കണക്കാക്കുന്നത്.

മൺസൂൺ അവസാനിച്ചതോടെ ദുരന്തനിവാരണ ജാഗ്രത കുറയ്ക്കരുതെന്നും കാലാവസ്ഥാ മുന്നറിയിപ്പുകൾക്കനുസരിച്ച് മുൻകരുതലുകൾ സ്വീകരിക്കണമെന്നും വിദഗ്ധർ നിർദേശിക്കുന്നു. നവംബർ 25 മുതൽ 27 വരെ കഠ്മണ്ഡുവിൽ നടക്കുന്ന രാജ്യാന്തര സമ്മേളനത്തിൽ റിപ്പോർട്ടിലെ കണ്ടെത്തലുകൾ ചർച്ച ചെയ്യും.

സഹകരണ പ്രസ്ഥാനങ്ങളുടെ സുതാര്യതയും വിശ്വാസ്യതയും ഉറപ്പാക്കും: മന്ത്രി എം. ലിജു

കൊല്ലം: സംസ്ഥാനത്തെ സഹകരണ പ്രസ്ഥാനങ്ങളുടെ സുതാര്യതയും വിശ്വാസ്യതയും ഉറപ്പാക്കാനുള്ള നടപടികളാണ് സർക്കാർ സ്വീകരിച്ചുവരുന്നതെന്ന് മന്ത്രി എം. ലിജു. കരുനാഗപ്പള്ളിയിൽ നടന്ന ജില്ലാ സഹകരണ വാരാഘോഷത്തിൻറെ ഭാഗമായിനടന്ന സഹകരണ സംഗമം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. മുഴുവൻ സഹകരണ സ്ഥാപനങ്ങളെയും ഏകീകൃത സോഫ്റ്റ് വെയറിന് കീഴിൽ കൊണ്ടുവരും. ഓഡിറ്റിംഗും സാമ്പത്തിക ക്രയവിക്രയങ്ങളും സുതാര്യമാക്കും. ക്രമക്കേടുകൾ തടയുന്നതിനൊപ്പം മേഖലയിൽ പൂർണമായ പ്രഫഷണലിസം ഉറപ്പാക്കുകയാണ് സർക്കാരിൻറെ പ്രധാന ലക്ഷ്യമെന്നും മന്ത്രി പറഞ്ഞു. സി. ആർ. മഹേഷ് എംഎൽഎ അധ്യക്ഷനായി. സർക്കിൾ സഹകരണ യൂണിയൻ ചെയർമാൻ പി. ആർ. വസന്തൻ, ജില്ലാ പഞ്ചായത്ത് അംഗങ്ങളായ നജീബ് മണ്ണേൽ, വരുൺ ആലപ്പാട്, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡൻറ് മോഹനൻ, കുലശേഖരപുരം പഞ്ചായത്ത് പ്രസിഡൻറ് ടി. ഡി. അരുൺ രാജ്, കെ. സി. രാജൻ, അഡ്വ. എം. എസ്. താര, അഡ്വ. ഇ. യൂസഫ് കുഞ്ഞ്, മുഹമ്മദ് മുസ്തഫ, പാവുമ്പ ബി. അനിൽ തുടങ്ങിയവർ സംസാരിച്ചു. രാവിലെ നടന്ന സഹകരണ വാരാഘോഷം കൊടിക്കുന്നിൽ സുരേഷ് എംപി ഉദ്ഘാടനം ചെയ്തു. സംസ്ഥാന സഹകരണ യൂണിയൻ അംഗം കെ. രാജഗോപാൽ അധ്യക്ഷനായി. ഉല്ലാസ് കോവൂർ എംഎൽഎ, ജില്ലാ പഞ്ചായത്ത് പ്രസിഡൻറ് ഡോ. ആർ. ലതാദേവി തുടങ്ങിയവർ പ്രസംഗിച്ചു. വിവിധ വിഷയങ്ങളിൽ സെമിനാറുകളും നടന്നു. ഡോ. എൻ. രാമലിംഗം, ഡോ. വി. ജയമോഹൻ നായർ തുടങ്ങിയവർ ക്ലാസുകൾ നയിച്ചു. സർക്കിൾ സഹകരണ യൂണിയൻ ചെയർമാന്മാരായ പി. ആർ. വസന്തൻ, കെ. സേതുമാധവൻ എന്നിവർ മോഡറേറ്റർമാരായി.

മുക്കത്ത് കാറിനുള്ളിൽ യുവാവിനെ മരിച്ച നിലയിൽ കണ്ടെത്തി

കോഴിക്കോട്: മുക്കം പാലത്തിന് സമീപം റോഡരികിൽ നിർത്തിയിട്ട കാറിനുള്ളിൽ യുവാവിനെ മരിച്ച നിലയിൽ കണ്ടെത്തി. കാരശേരി തേക്കുംകുറ്റി സ്വദേശി അനീഷ് (42) ആണ് മരിച്ചത്.ടിവിഎസ് ഷോറൂമിന് മുൻവശം ഏറെ നേരമായി കാർ നിർത്തിയിട്ടിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ട നാട്ടുകാർ നടത്തിയ പരിശോധനയിലാണ് യുവാവിനെ കാറിനുള്ളിൽ മരിച്ച നിലയിൽ കണ്ടെത്തിയത്.

യുവാവിനെ തലയ്ക്കടിച്ച് കൊന്ന ശേഷം അപകടമരണമെന്ന് വരുത്തിത്തീർത്ത അഞ്ചുപേർ അറസ്റ്റിൽ

ഭോപ്പാൽ: പ്രണയബന്ധത്തിൻറെ പേരിൽ യുവാവിനെ പത്ത് ലക്ഷം രൂപയ്ക്ക് ക്വട്ടേഷൻ നൽകി കൊലപ്പെടുത്തിയ സംഭവത്തിൽ പെൺകുട്ടിയുടെ പിതാവും സഹോദരനും ഉൾപ്പെടെ അഞ്ചുപേർ അറസ്റ്റിൽ. മധ്യപ്രദേശിലെ ബാലാഘട്ട് ജില്ലയിലാണ് സംഭവം. കൊലപാതകത്തിന് ശേഷം വാഹനാപകടമെന്ന് വരുത്തിത്തീർക്കാൻ പ്രതികൾ ശ്രമിച്ചെങ്കിലും പൊലിസിൻറെ അന്വേഷണത്തിൽ സത്യം പുറത്തുവരികയായിരുന്നു. കേസിൽ ഒരാൾ കൂടി പിടിയിലാകാനുണ്ട്.

നഹർവാണി സ്വദേശി റിയാൻഷ് ചൗഹാനാണ് (20) കൊല്ലപ്പെട്ടത്. നവംബർ 17-ന് ലോഹാര-പരസപാനി റോഡിൽ ബാന്ധ തലാബിന് സമീപം റിയാൻഷിൻറെ സ്കൂട്ടറിന് അരികിലായി മൃതദേഹം കണ്ടെത്തുകയായിരുന്നു. പ്രാഥമികമായി ഇതൊരു റോഡപകടമാണെന്നാണ് കരുതിയിരുന്നതെങ്കിലും മൃതദേഹത്തിലെ പരിക്കുകളും സംഭവസ്ഥലത്തുനിന്ന് ലഭിച്ച തെളിവുകളും പൊലിസിൽ സംശയമുണർത്തി. തുടർന്ന് നടത്തിയ പോസ്റ്റ്മോർട്ടം പരിശോധനയിൽ റിയാൻഷിൻറേത് കൊലപാതകമാണെന്ന് സ്ഥിരീകരിച്ചു.

സിസിടിവി ദൃശ്യങ്ങളും മറ്റ് തെളിവുകളും കേന്ദ്രീകരിച്ച് അഞ്ച് ദിവസം നീണ്ട അന്വേഷണത്തിനൊടുവിലാണ് പ്രതികൾ വലയിലായത്. ഒരു യുവതിയുമായി റിയാൻഷ് പ്രണയത്തിലായിരുന്നു. എന്നാൽ യുവതിയുടെ പിതാവ് ജീവൻ പട്ടേലയും സഹോദരൻ അശുതോഷ് പട്ടേലയും ഈ ബന്ധത്തെ ശ



ശ്രീ. ബാബു എൻ.കെ.-യെ കേരള കാർഷികസർവകലാശാല ജനറൽ കൗൺസിൽ അംഗങ്ങളുടെ സാന്നിധ്യത്തിൽ വൈസ് ചാൻസലർ ഡോ. സജിത റാണി ടി. പൊന്നാട അണിയിക്കുന്നു

ദേശീയ അംഗീകാരം നേടിയ ബാബു എൻ.കെ.ക്ക് കാർഷിക സർവകലാശാല ജനറൽ കൗൺസിലിന്റെ അനുമോദനം

തൃശ്ശൂർ, 21.11.2026: കേന്ദ്ര സർക്കാരിന്റെ സസ്യ ഇനങ്ങളുടെയും കർഷകാവകാശങ്ങളുടെയും സംരക്ഷണ അതോറിറ്റി (PPV&FRA) ഏർപ്പെടുത്തിയ പ്ലാന്റ് ജീനോം സേവിയർ ഫാർമർ റിവാർഡ് 202324 നേടിയ വയനാട്ടിലെ കർഷകനും സർവകലാശാല ജനറൽ കൗൺസിൽ അംഗവുമായ ശ്രീ. ബാബു എൻ.കെ.-യെ കേരള കാർഷികസർവകലാശാല ജനറൽ കൗൺസിൽ അംഗങ്ങൾ അനുമോദിച്ചു. വൈസ് ചാൻസലർ ഡോ. ടി. സജിത റാണി പൊന്നാട അണിയിച്ചു.

വയനാട്ടിലെ തന്റെ നാലേക്കർ കൃഷിയിടത്തിൽ 39 വാഴയിനങ്ങൾ, 11 കിഴങ്ങുവർഗ്ഗങ്ങൾ, 9 ചേമ്പിനങ്ങൾ, 6 ഇഞ്ചിയിനങ്ങൾ, 4 മഞ്ഞളിനങ്ങൾ, 3 ചേനയിനങ്ങൾ എന്നിവയ്ക്ക് പുറമെ നിരവധി കാച്ചിൽ, ഫലവർഗ്ഗ, സുഗന്ധവിള, തോട്ടവിള ഇനങ്ങളും ബാബു എൻ.കെ. സംരക്ഷിച്ചുവരുന്നു. കഇഅഞകേന്ദ്ര കിഴങ്ങുവിള ഗവേഷണ സ്ഥാപനത്തിന് (CTCRI) കാച്ചിൽ ജനിതക ശേഖരവും, കാർഷികസർവകലാശാലയുടെ സീഡ് ജീൻ ബാങ്കിന് വിത്തുകളും അദ്ദേഹം നൽകിയിട്ടുണ്ട്. സർവകലാശാലയുടെ വയനാട് കൃഷി വിജ്ഞാന കേന്ദ്രമാണ് അദ്ദേഹത്തിന്റെ സംരക്ഷണ പ്രവർത്തനങ്ങൾ രേഖപ്പെടുത്തി അവാർഡിനായി സമർപ്പിച്ചത്.

2026 നവംബർ 12-ന് ന്യൂഡൽഹി കഇഅഞ കൺവെൻഷൻ സെന്ററിലെ സി. സുബ്രഹ്മണ്യം ഓഡിറ്റോറിയത്തിൽ നടന്ന ചടങ്ങിൽ പ്രധാനമന്ത്രിയുടെ പ്രിൻസിപ്പൽ സെക്രട്ടറി ഡോ. പി.കെ. മിശ്ര അവാർഡ് സമ്മാനിച്ചു.

വിധി കേൾക്കാൻ ധനരാജിൻറെ ഭാര്യയും

തളിപ്പറമ്പ്: ധനരാജ് വധക്കേസിലെ വിധി കേൾക്കാൻ ധനരാജിൻറെ ഭാര്യ സജിനിയും തളിപ്പറമ്പ് അഡീഷണൽ സെഷൻസ് കോടതിയിലെത്തി. വികാര വിക്ഷുബ്ധതയോടെയാണ് സജിനി കോടതിയിൽ വിധി കേട്ടിരുന്നത്. 17 പ്രതികളെ വെറുതെ വിട്ടതിനെതിരെ അപ്പീൽ നടപടികളുമായി മുന്നോട്ടു പോകുമെന്ന് സിപിഎം നേതാക്കൾ പറഞ്ഞു.

കുന്നരുവിലെ കണ്ടനാർ കേളൻ തെയ്യത്തിൻറെ കഥ പറഞ്ഞാണ് കോടതി വിധി പറയാൻ തുടങ്ങിയത്. ധനരാജിൻറെ ഭാര്യ സജിനിയുടെ മൊഴി വിശ്വസനീയമല്ലെന്ന പ്രതിഭാഗം വാദവും പ്രണബ് അന്നൂരിനെ ഒഴിവാക്കിയതും കോടതി ചൂണ്ടിക്കാണിച്ചു.

എന്നാൽ ഗ്രാമീണരായ ഭാര്യയും അമ്മയും എല്ലാ കാര്യങ്ങളും നടന്നപടി പറയണമെന്നില്ല എന്ന് നിരീക്ഷിച്ച കോടതി ഇരുവരേയും വിശ്വാസത്തിലെടുക്കുന്നതായും പറഞ്ഞു.

പ്രതികളുടേയും ധനരാജിൻറെയും ടവർ ലൊക്കേഷൻ പ്രോസിക്യൂഷന് തെളിയിക്കാനായില്ല. സാക്ഷി റിനീഷിനെ വിശ്വസിക്കാനാവില്ല. കക്കമ്പാറയിലേയും ആർഎസ്എസ് കാര്യാലയത്തിലേയും ഗൃഹപ്രവേശനത്തിലേയും ഗൂഢാലോചന വിശ്വസനീയമല്ലെന്നും കോടതി നിരീക്ഷിച്ചു.

സാക്ഷി പ്രജീഷ് ചൂരക്കാട്ട് ബിജു വധക്കേസിലെ പ്രതിയും ബ്രാഞ്ച് സെക്രട്ടറിയുമായതിനാൽ പൂർണമായും വിശ്വസിക്കാനാവില്ലെന്ന് കോടതി ചൂണ്ടിക്കാണിച്ചു. അന്വേഷണ ഉദ്യോഗസ്ഥൻ ഒന്നാം സാക്ഷി പ്രദീഷിൻറെ മൊഴി വിശ്വസിച്ച് മുന്നോട്ടുപോയെന്നും വേണ്ടപോലെ അന്വേഷിച്ചില്ലെന്നുമുള്ള കോടതിയുടെ നിരീക്ഷണം പ്രോസിക്യൂഷന് തിരിച്ചടിയായി. നാലുമുതൽ 20 വരേയുള്ള പ്രതികളെ വെറുതെ വിടുന്നത് ഇതിനാലാണെന്നും കോടതി ചൂണ്ടിക്കാണിച്ചു.

SUT Hospital Honoured with Best Hospital Award at CII Kerala Health Tourism Conclave 2026



SUT Hospital, Pattom, has been honoured with the Best Hospital in Kerala – Less Than 300 Beds Category at the CII (Confederation of Indian Industry) Kerala Health & Medical Tourism Awards 2026, held in Kochi. The award ceremony was organised as part of the CII Global Ayurveda Summit & Expo 2026 and CII Kerala Health Tourism conclave 2026 on November 20 and 21 at Hotel Le Méridien, Kochi. Representing the hospital, Col. Rajeev Mannali, MD & CEO, SUT Hospital, received the award. In his felicitation address at the award ceremony, Col. Rajeev Mannali highlighted the importance of preventive healthcare, early detection of diseases and the need to shift the focus from treatment to prevention. He emphasised that promoting awareness and encouraging people to adopt healthy lifestyles are essential to reducing the burden of diseases and building a healthier society. He emphasised the need to strengthen preventive healthcare practices and promote greater public awareness to address the growing burden of non-communicable diseases. The recognition underscores SUT Hospital's commitment to quality healthcare and excellence in patient care.

പൈതൃക വാരാഘോഷം 2026

തിരുവനന്തപുരം മ്യൂസിയം മൃഗശാലയുടെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച പൈതൃക വാരാഘോഷത്തിന്റെ സമാപന സമ്മേളനം നവംബർ 25 ഉച്ചയ്ക്ക് 2.30 ന് മ്യൂസിയം ഓഡിറ്റോറിയത്തിൽ സംഘടിപ്പിക്കുന്നു. സമാപന സമ്മേളനം മന്ത്രി ഒ. ജെ. ജനീഷ് ഉദ്ഘാടനം ചെയ്യും. വിവിധ മത്സരങ്ങളിലെ വിജയികൾക്കുള്ള സമ്മാനദാനം മന്ത്രി നിർവഹിക്കും. മന്ത്രി കെ. മുരളീധരൻ അധ്യക്ഷത വഹിക്കും. പൈതൃകത്തെ കുറിച്ചുള്ള അവബോധം വിദ്യാർഥികളിലും പൊതുജനങ്ങളിലും വളർത്തുന്നതിനായി ഹൈസ്കൂൾ തലം വിദ്യാർഥികൾക്കും വകുപ്പ് ജീവനക്കാർക്കുമായി പൈതൃക ക്വിസ്, കോളജ് വിദ്യാർഥികൾക്കായി സെമിനാർ, മ്യൂസിയം സന്ദർശകർക്കായി ഓപ്പൺ ക്വിസ്, കൂടാതെ പൈതൃക കലാരൂപങ്ങളായ വിൽപ്പാട്ട്, കാട്ടുപാട്ടും-നൃത്തവും, മൺപാത്ര നിർമാണ ശില്പശാല, ആർട്ട് മ്യൂസിയത്തിലെ അമൂല്യ ശേഖരങ്ങളുടെ പ്രത്യേക പ്രദർശനം എന്നിവ സന്ദർശകർക്കായി നടത്തി. വിവരങ്ങൾക്ക്: +91 9061916543, ഇമെയിൽ: competition.dmz@gmail.com.

സൂപ്പർ ഹൈസ്പീഡ് ബിഎൽഡിസി + ഫാനുമായി ഹാവെൽസ്

തിരുവനന്തപുരം : നൂതന സാങ്കേതികവിദ്യയും മികച്ച ഊർജക്ഷമതയും സംയോജിപ്പിച്ച് മൂന്ന് പുതിയ സീലിംഗ് ഫാനുകൾ അവതരിപ്പിച്ച് ഹാവെൽസ് ഇന്ത്യ ലിമിറ്റഡ്.

ഇന്ത്യയിലെ ആദ്യ സൂപ്പർ ഹൈസ്പീഡ് ബിഎൽഡിസി+ ഫാൻ, ഡ്യുവൽ കൺട്രോളോടു കൂടിയ സൈലന്റ് എയർ മാക്സ് ബിഎൽഡിസി ഫാൻ, ഏജന്റിക് എഐ ഫാൻ എന്നിവയാണ് പുതിയ ഉൽപ്പന്നങ്ങൾ.

മിനിറ്റിൽ 400 ആർപിഎം വരെ വേഗത നൽകുന്ന സൂപ്പർ ഹൈസ്പീഡ് ഫാനിന് 65 ശതമാനം വരെ വൈദ്യുതി ലാഭിക്കാനാകും. 50 ഡെസിബൽ ശബ്ദത്തിൽ പ്രവർത്തിക്കുന്ന സൈലന്റ് എയർ മാക്സ് മികച്ച വായുസഞ്ചാരവും ശാന്തമായ അന്തരീക്ഷവും ഉറപ്പാക്കുന്നു. പത്ത് ഇന്ത്യൻ ഭാഷകളിൽ സ്വാഭാവിക സംഭാഷണത്തിലൂടെ നിയന്ത്രിക്കാവുന്ന എപിക് സിഗ്നിയ സ്മാർട്ട് ഫാനും പുതിയ ശ്രേണിയുടെ പ്രത്യേകതയാണ്.

ഹാവെൽസിന്റെ അംഗീകൃത വിതരണ ശൃംഖലകളിലൂടെ പുതിയ ഫാനുകൾ ലഭ്യമാകും.

പ്രോ കംഫർട്ട് പീരിയഡ് പാന്റി പുറത്തിറക്കി സ്റ്റേഫ്രീ

കോഴിക്കോട് : ആർത്തവ ശുചിത്വ ഉൽപ്പന്നങ്ങളുടെ ശ്രേണി വിപുലീകരിച്ച് സ്റ്റേഫ്രീ പുതിയ പ്രോ കംഫർട്ട് പീരിയഡ് പാന്റി വിപണിയിലിറക്കി. ആർത്തവ സമയത്ത് കൂടുതൽ സുഖവും ആത്മവിശ്വാസവും സുരക്ഷയും ഉറപ്പാക്കുന്നതിനായി പ്രത്യേകം രൂപകൽപ്പന ചെയ്ത ഉൽപ്പന്നം 360 ഡിഗ്രി ലീക്കേജ് പ്രൊട്ടക്ഷൻ, ശരീരത്തിന് അനുയോജ്യമായ ഫിറ്റ്, ഉയർന്ന ആഗിരണ ശേഷി എന്നിവയോടെയാണ് എത്തുന്നത്. രാത്രികാലങ്ങളിലും യാത്രകളിലും അമിത രക്തസ്രാവമുള്ള ദിവസങ്ങളിലും കൂടുതൽ ആശ്വാസത്തോടെ ഉപയോഗിക്കാവുന്ന രീതിയിലാണ് പാന്റി വികസിപ്പിച്ചിരിക്കുന്നത്. സ്ത്രീകളുടെ മാറിവരുന്ന ജീവിതശൈലിയും ആവശ്യങ്ങളും പരിഗണിച്ചാണ് പുതിയ ഉൽപ്പന്നം അവതരിപ്പിച്ചിരിക്കുന്നത്. എം-എൽ, എൽ-എക്സ്എൽ, എക്സ്എൽ-എക്സ്എക്സ്എൽ എന്നീ മൂന്ന് വലുപ്പങ്ങളിൽ ഉൽപ്പന്നം ലഭ്യമാണ്. രണ്ട് പാന്റികളടങ്ങിയ പായ്ക്കിന് 50 രൂപ മുതലാണ് വില. ഉൽപ്പന്നത്തിന്റെ പ്രചാരണത്തിന്റെ ഭാഗമായി 'സിറ്റ്. സ്റ്റാൻഡ്. സ്റ്റേ ഫ്രീ!' എന്ന പേരിൽ ഡിജിറ്റൽ ക്യാമ്പയിനും കമ്പനി ആരംഭിച്ചിട്ടുണ്ട്.

പിരിച്ചുവിടപ്പെട്ട മലബാർ മിൽമ ഭരണസമിതി ചൊവ്വാഴ്ച വീണ്ടും ഭരണമേറ്റെടുക്കും

കോഴിക്കോട്: മലബാർ മിൽമ യൂണിയൻറെ തെരഞ്ഞെടുക്കപ്പെട്ട ഭരണസമിതി പിരിച്ചുവിട്ട ക്ഷീരവികസന വകുപ്പ് നടപടി ഹൈക്കോടതി റദ്ദാക്കിയ സാഹചര്യത്തിൽ ചെയർമാൻ കെ.എസ്. മണിയുടെ നേതൃത്വത്തിലുള്ള മലബാർ മിൽമ ഭരണസമിതി നാളെ വീണ്ടും ഭരണമേറ്റെടുക്കും.

പെരിങ്ങളത്തെ മിൽമ ഹെഡ് ഓഫീസിനു സമീപത്തെ ഡയറിക്കു മുമ്പിൽ രാവിലെ പത്തു മണിയോടെ ചെയർമാന്റെ നേതൃത്വത്തിൽ ഭരണസമിതി അംഗങ്ങൾ, ക്ഷീര സംഘം പ്രസിഡന്റുമാർ എന്നിവർ ഒത്തു ചേരും. തുടർന്ന് പ്രകടനമായി ഹെഡ് ഓഫീസിലേക്ക് നീങ്ങി ചെയർമാനും അംഗങ്ങളും ഭരണച്ചുമതല ഏറ്റെടുക്കും.നിയമപരമായ നടപടിക്രമങ്ങൾ പാലിക്കാതെയാണ് പിരിച്ചുവിടൽ നടന്നതെന്ന് ചൂണ്ടിക്കാണിച്ചാണ് ഹൈക്കോടതി വിഷയത്തിൽ ഇടപെട്ടത്. അന്വേഷണ സംഘത്തിന് തെളിവുകളും രേഖകളും ശേഖരിക്കാൻ 10 ദിവസം കൂടി അനുവദിച്ച കോടതി, ഇതിനു ശേഷം ഈ മാസം 24നകം ഭരണസമിതി പുനഃസ്ഥാപിക്കണമെന്ന് നിർദേശിക്കുകയും ചെയ്തിരുന്നു. ഭരണസമിതി പിരിച്ചുവിട്ട നടപടി ചോദ്യം ചെയ്ത് കെ.എസ്. മണി അടക്കമുള്ളവരാണ് ഹർജി സമർപ്പിച്ചത്.

സാമ്പത്തിക ക്രമക്കേടും ഭരണപരമായ വീഴ്ചകളും ആരോപിച്ച് ഇക്കഴിഞ്ഞ സെപ്റ്റംബർ 18നാണ് ഭരണസമിതിയെ പിരിച്ചുവിട്ടത്. എന്നാൽ, മുൻകൂർ നോട്ടീസ് നൽകാതെയും സഹകരണ നിയമത്തിലെ നടപടിക്രമങ്ങൾ പാലിക്കാതെയുമാണ് നടപടിയെടുത്തതെന്ന് നിരീക്ഷിച്ചാണ് കോടതി പിരിച്ചുവിടൽ റദ്ദാക്കിയത്.

അന്വേഷണം പൂർത്തിയാകുന്നതുവരെ ഭരണസമിതിക്ക് ദൈനംദിന ഭരണകാര്യങ്ങൾ മാത്രമേ നിർവഹിക്കാൻ സാധിക്കുകയുള്ളൂ. നയപരമായ തീരുമാനങ്ങൾ എടുക്കാൻ പാടില്ലെന്ന് കോടതി നിർദേശിച്ചിട്ടുണ്ട്.ഒരു മാസത്തിനകം അന്വേഷണം പൂർത്തിയാക്കാനും തുടർന്ന് ഒരു മാസത്തിനകം നിയമപരമായ നടപടികൾ പാലിച്ച് പുതിയ ഉത്തരവ് പുറപ്പെടുവിക്കാനും രജിസ്ട്രാർക്ക് കോടതി നിർദേശം നൽകിയിട്ടുണ്ട്. നിശ്ചിത സമയത്തിനുള്ളിൽ നടപടികൾ പൂർത്തിയായില്ലെങ്കിൽ ഭരണസമിതിക്ക് നയപരമായ തീരുമാനങ്ങൾ എടുക്കാൻ കഴിയും.

ധനരാജ് വധം: മൂന്നു പേർ കുറ്റക്കാർ 16 പ്രതികളെ വെറുതെ വിട്ടു

തളിപ്പറമ്പ്: സിപിഎം-ഡിവൈഎഫ്ഐ പ്രവർത്തകനായിരുന്ന കുന്നരു കാരന്താട്ടെ സി.വി.ധനരാജിനെ (40) കൊലപ്പെടുത്തിയ കേസിൽ 20 പ്രതികളിൽ മൂന്നു പേർ കുറ്റക്കാർ. 16 പ്രതികളെ വെറുതെ വിട്ടു.ഒന്നാം പ്രതി രാമന്തളി മൊട്ടക്കുന്നിലെ ടി.പി.ബിജു(34), രണ്ടാം പ്രതി കക്കമ്പാറയിലെ എം. വിപിൻ(34), മൂന്നാം പ്രതി എം.വൈശാഖ് (31) എന്നിവരെയാണ് തളിപ്പറമ്പ് അഡീഷണൽ സെഷൻസ് കോടതി ക ജഡ്ജ് കെ.എൻ. പ്രശാന്ത് കുറ്റക്കാരാണെന്ന് കണ്ടെത്തിയത്.ചിറ്റടിയിലെ സി.സുകേഷ് (31), കക്കമ്പാറയിലെ കെ.വി.പ്രജിത് ലാൽ (31), കെ.അനൂപ് (31), പണ്ടാരവളപ്പിൽ രാജേഷ് (39), കാങ്കോൽ ആലക്കാട്ടെ കെ.എം.ബിജു(44), . കാരയിലെ പി.രാജേഷ് കുമാർ (53), കക്കമ്പാറയിലെ കെ. മനൂപ് (32), മൊട്ടക്കുന്നിലെ സി. ഷൈജു(31), കക്കമ്പാറയിലെ ധനേഷ്(39), മൊട്ടക്കുന്നിലെ പി.പി.രാജീവൻ (34), കക്കമ്പാറയിലെ കെ. മധു(42), നെയ്യാറ്റിൻകരയിലെ എസ്.ആർ.അജീഷ്(38), ചെറുവത്തൂർ കുട്ടമത്തെ തമ്പാൻ മനിയേരി (58) കാരയിലെ രമേശൻ (50), കാങ്കോൽ വടശേരിയിലെ എ.പി. നിജേഷ്(38), മൊട്ടക്കുന്നിലെ ലിജിൻ (31). എന്നിവരെയാണ് കോടതി വെറുതെ വിട്ടത്. കേസിലെ പന്ത്രണ്ടാം പ്രതിയായിരുന്ന സി.എഫ് ബിജു കൊല്ലപ്പെട്ടിരുന്നു. ധനരാജ് കൊല്ലപ്പെട്ട് പത്ത് വർഷത്തിന് ശേഷമാണ് ഈ കേസിലെ വിധിയുണ്ടായത്.

2016 ജൂലൈ 11ന് രാത്രി 9.45 ഓടെ രണ്ട് മോട്ടോർ സൈക്കിളുകളിൽ പിന്തുടർന്ന ബിജെപി-ആർഎസ്എസ് പ്രവർത്തകരായ പ്രതികൾ രാഷ്ട്രീയ വിരോധത്തിൽ വീടിന് മുൻവശം വച്ച് ധനരാജിഢ കാലിനും മറ്റും വെട്ടിപരിക്കേൽപ്പിച്ചുവെന്നും രക്ഷപ്പെടാനായി ഓടിയപ്പോൾ പിന്തുടർന്ന് വീടിന്റെ പിൻവശത്തെ ഷെഡിന് സമീപത്തുവെച്ച് ഒന്നുമുതൽ മൂന്നുവരെ പ്രതികളായ ബിജു, വിപിൻ, വൈശാഖ് എന്നിവർ ചേർന്ന് വാൾകൊണ്ടും പീശാകത്തികൊണ്ടും നെഞ്ചിനും കൈക്കും കാലിനും വെട്ടിയും കുത്തിയും ഗുരുതരമായി പരിക്കേൽപ്പിച്ച് കൊലപ്പെടുത്തിയതായാണ് കേസ്.കൊലപാതകം, ഗൂഡാലോചന, കുറ്റകൃത്യത്തിന് സൗകര്യമൊരുക്കി പദ്ധതി മറച്ചുവെച്ചുവെക്കൽ തുടങ്ങിയ വകുപ്പുകളിലായിരുന്നു കേസ്.പയ്യന്നൂർ സിഐ പി.രമേശനാണ് ആദ്യം കേസന്വേഷിച്ചത്. പിന്നീട് സിഐ ആയിരുന്ന എം.പി.ആസാദാണ് കോടതിയിൽ കുറ്റപത്രം സമർപ്പിച്ചത്.പൊലിസ് നൽകിയ കുറ്റപത്രത്തിൽ 74 സാക്ഷികളാണുണ്ടായിരുന്നത്. ഇതിൽ പ്രാധാന്യമർഹിക്കുന്ന 43 പേരെ പ്രോസിക്യൂഷൻ ഭാഗവും ഒരാളെ പ്രതിഭാഗവും വിസ്തരിച്ചു. പ്രോസിക്യൂഷൻ കോടതിയിൽ ഹാജരാക്കിയ 123 രേഖകൾ കോടതി പരിശോധിച്ചിരുന്നു.അന്വേഷണത്തിൽ കണ്ടെത്തിയ ആയുധങ്ങളുടെ വിവരങ്ങളും കുറ്റകൃത്യത്തിൽ പങ്കെടുത്തവരുപയോഗിച്ച വാഹനങ്ങളുടെയും പ്രതികളെ സഹായിക്കാനായി ഉപയോഗിച്ച വാഹനങ്ങളുടെയും വിവരങ്ങൾ കുറ്റപത്രത്തിൽ വിശദീകരിച്ചിരുന്നു. 20 പ്രതികളുണ്ടായിരുന്ന ഈ കേസിലെ പന്ത്രണ്ടാ പ്രതി സി.എഫ്.ബിജു കൊല്ലപ്പെട്ടതിനാൽ ബാക്കി 19 പ്രതികളാണ് ഈ കേസിലുണ്ടായിരുന്നത്. 2025 മാർച്ച് അഞ്ചിനാണ് പയ്യന്നൂർ ജുഡീഷ്യൽ ഒന്നാം ക്ലാസ് മജിസ്ട്രേറ്റ് കോടതിയിൽനിന്നും തളിപ്പറമ്പ് അഡീഷണൽ സെഷൻസ് കോടതിയിലേക്ക് കേസ് മാറ്റിയത്.ഏപിൽ 25ന് കുറ്റപത്രം വായിച്ച തളിപ്പറമ്പ് കോടതി ഒക്ടോബർ 21ന് വിചാരണ ആരംഭിച്ചു. 2026 ജൂൺ 19ന് പ്രോസിക്യൂഷൻ സാക്ഷി വിസ്താരം കഴിഞ്ഞു. പ്രതികളോട് സാക്ഷി മൊഴികളിലെ പ്രസക്ത ഭാഗങ്ങൾ ചോദിച്ച് കോടതി വിശദീകരണം തേടിയിരുന്നു.ഇതിനിടയിൽ ബിജുവധക്കേസിലെ പ്രതിയാണ് ധനരാജ് വധത്തിലെ ഒന്നാം സാക്ഷിയെന്ന് തെളിയിക്കുന്ന രേഖ പ്രതിഭാഗം ഹാജരാക്കിയിരുന്നു.വാദിഭാഗത്തിൻറെയും പ്രതിഭാഗത്തിൻറെയും സാക്ഷിമൊഴികളും തെളിവുകളും പരിശോധിച്ച ശേഷം 16നാണ് കേസ് വിധിപറയാനായി മാറ്റിവെച്ചത്.

അപകടങ്ങളിൽ ആദ്യ മിനിറ്റുകൾക്ക് ജീവൻരക്ഷാ പ്രാധാന്യം; എസ്യുടി ആശുപത്രിയുടെ പുസ്തകം പ്രകാശനം ചെയ്തു

തിരുവനന്തപുരം: അപകടങ്ങളിലും അടിയന്തര സാഹചര്യങ്ങളിലും ജീവൻ രക്ഷിക്കാൻ ആദ്യ മിനിറ്റുകളിൽ സ്വീകരിക്കേണ്ട പ്രഥമശുശ്രൂഷാ നടപടികൾ വിശദീകരിക്കുന്ന പുസ്തകം എസ് യു ടി പട്ടം സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രി പുറത്തിറക്കി. ആശുപത്രിയുടെ പൊതുജന ബോധവത്കരണ പദ്ധതിയുടെ ഭാഗമായി തയ്യാറാക്കിയ 'ദ ഫസ്റ്റ് ഫ്യൂ മിനിറ്റ്സ് മാറ്റർ - ട്രോമ ഫസ്റ്റ് എയ്ഡ്: എ സിമ്പിൾ ഗൈഡ് ഫോർ എവരിവൺ' എന്ന പുസ്തകം സിറ്റി പോലീസ് കമ്മീഷണർ ഡോ. അരുൾ ആർ.ബി. കൃഷ്ണ ഐ പിഎസ് പ്രകാശനം ചെയ്തു. എസ് യു ടി ആശുപത്രി എമർജൻസി മെഡിസിൻ വിഭാഗം മേധാവി ഡോ. ബിനു ബ്രൈറ്റാണ് പുസ്തകം തയ്യാറാക്കിയത്. ചടങ്ങിൽ ഡി.സി.പി (അഡ്മിൻ) ഷീൻ തറയിൽ പങ്കെടുത്തു. തുടർന്ന് ഡോ. ബിനു ബ്രൈറ്റിന്റെ നേതൃത്വത്തിൽ നൂറോളം പോലീസ് ഉദ്യോഗസ്ഥർക്ക് പ്രഥമശുശ്രൂഷയിലും ബേസിക് ലൈഫ് സപ്പോർട്ടിലും പരിശീലനം നൽകി. അടിയന്തര ഘട്ടങ്ങളിൽ പ്രാഥമിക പരിചരണം നൽകുന്നതിനുള്ള അറിവും പ്രായോഗിക പരിശീലനവും പോലീസ് ഉദ്യോഗസ്ഥർക്ക് ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെയാണ് പരിപാടി സംഘടിപ്പിച്ചത്.